ഇസ്ലാമിക് ഗൈഡൻസ് സെന്റർ സുലൈ (റിയാദ്)
പി. ബി. 1419, റിയാദ് 11431, ഫോ: 2414488, ഫാ: 2411733




രചന: ശൈഖ് അബ്ദുൽ അസീസ്ബിൻബാസ്(റ)

# ഇസ്‌ലാമിനെയും അതിന്റെ നന്മകളെയും പരിചയപ്പെടുക

ഗ്രന്ഥ കർത്താവ്:

ശൈഖ് അബ്ദുൽഅസീസ് ഇബ്നു ബാസ്

വിവർത്തനം:

കെ.എം. ഫൈസി, തരിയോട്

ഇസ്‌ലാമിക് സെന്റർ, പി.ബി. നമ്പർ: 808, ഉനൈസ
2411733-2410615 സഊദി അറേബ്യ

ⓒ مكتب دعوة وتوعية الجاليات بالسلي، ١٤٢١هـ

فهرسة مكتبة الملك فهد الوطنية أثناء النشر

ابن باز ، عبدالعزيز بن عبدالله

التعريف بالإسلام - الرياض.

٤٨ ص ؛ ١٢ × ١٧ سم

ردمك : ١ - ٧٣ - ٧٨٣ - ٩٩٦٠

(النص باللغة المليبارية)

١ - الإسلام - مبادىء عامة أ- العنوان

ديوي ٢١١ ٢١/٠٦٧٥

رقم الايداع ٢١/٠٦٧٥

ردمك : ١ - ٧٣ - ٧٨٣ - ٩٩٦٠

بسم الله الرحمن الرحيم

## ഗ്രന്ഥകർത്താവ്

നാമം: അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ അബ്ദുറഹ്മാൻ ബിൻ മുഹമ്മദ് ബിൻ അബ്ദുല്ലാഹ് ആല് ബാസ്.

ജനനം: സഊദി അറേബ്യയിലെ റിയാളിൽ. ഹിജ്റ 1330 ദുൽ ഹിജ്ജ മാസം.

16-ാമത്തെ വയസിൽ കണ്ണിനു രോഗം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ടു. ചെറുപ്പത്തിലേ വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി. പ്രശസ്തരും അഗ്രഗണ്യരുമായ ഗുരുനാഥന്മാരിൽ നിന്ന് വിദ്യ നേടി.

പ്രധാന ഗുരുനാഥന്മാർ: അശ്ശൈഖ് മുഹമ്മദ് ബിൻ അബ്ദുല്ലത്തീഫ്; റിയാളിലെ ഖാസി അശ്ശൈഖ് സ്വാലിഹ് ബിൻ അബ്ദുൽ അസീസ്; മക്കയിലെ പ്രശസ്ത പണ്ഡിതനായിരുന്ന അശ്ശൈഖ് സഅദ് വഖാസുൽ ബുഖാരി. വിജ്ഞാന സാഗരമായിരുന്ന അശ്ശൈഖ് മുഹമ്മദ് ബിൻ ഇബ്രാഹിം ആലുശൈഖിൻെറ കീഴിൽ 10 വർഷക്കാലം നിരന്തര പഠനം നടത്തി ശറഈ വിജ്ഞാനങ്ങൾ മുഴുവനും കരസ്ഥമാക്കി അഖില ലോക പ്രശസ്ത പണ്ഡിത പദവിയിൽ എത്തിച്ചേർന്നു.

അലങ്കരിച്ച ഔദ്യോഗിക പദവികൾ:

ഹി. 1357 മുതൽ 1371 വരെ അൽഖർജ് ഖാസി.

ഹി. 1372 മുതൽ 1380 വരെ റിയാളിലെ ശരീഅ കോളേജിലെ ഫിഖ്ഹ്, തൗഹീദ്, ഹദീസ് എന്നീ വിഷയങ്ങളുടെ പ്രഫസർ.

ഹി. 1381 മുതൽ 1390 വരെ മദീനാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ. പിന്നീട് ശൈഖ് മുഹമ്മദ് ബിൻ

ഇബ്രാഹിം ആലുശൈഖ് നിര്യാതനായപ്പോൾ ഹി. 1395 വരെ ചാൻസലർ പദവി.
ഹി. 1395-ൽ രാജകൽപന പ്രകാരം ദാറുൽ ഇഫ്തായുടെ പ്രസിഡണ്ട് പദവി ഏറ്റെടുത്തു.
ഹി. 1414-ൽ സഊദി രാഷ്ട്രത്തിൻെറ 'രാഷ്ട്ര മുഫ്തി' യായി അവരോധിക്കപ്പെടുകയും മരണം വരെ ആ പദവിയിൽ തുടരുകയും ചെയ്തു.
രാഷ്ട്രത്തിലെ ഉന്നത പണ്ഡിത സഭാ മെമ്പർ, ഫത്വാ ബോർഡ് ചെയർമാൻ, മുസ്ലിം വേർഡ് ലീഗ് സ്ഥാപക പ്രസിഡണ്ടും സ്ഥിരാംഗവും, ലോകത്തെ പള്ളികാര്യങ്ങളുടെ ഉന്നത സഭാ പ്രസിഡണ്ട്, മക്കായിലെ ഇസ്ലാമിക് കർമ്മ ശാസ്ത്ര ഗവേഷണ കമ്മിറ്റി ചെയർമാൻ, മദീനാ യൂണിവേഴ്സിറ്റി ഉന്നത കാര്യ സഭാംഗം, സഊദി അറേബ്യാ മത പ്രബോധന ഉന്നതാധികാര കമ്മറ്റി അംഗം എന്നീ പദവികളും അലങ്കരിച്ചിരുന്നു.

അദ്ദേഹം ചെറുതും വലുതുമായ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായിരുന്നു. "അൽ തഅ്രീഫു ബിൽ ഇസ്ലാം വമഹാസിനിഹി" എന്ന ചെറുകൃതിയുടെ പരിഭാഷയാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്. "ഇസ്ലാം കാര്യങ്ങൾ" ലളിതമായ രീതിയിൽ അദ്ദേഹം അതിൽ വിവരിക്കുന്നുണ്ട്. പുറമെ മലയാളി വായനക്കാരെ പരിഗണിച്ചുകൊണ്ട് ആവശ്യമായ കുറിപ്പുകൾ പരിഭാഷയിൽ ചേർത്തിട്ടുണ്ട്. ഹി. 1420 മുഹർറം 27 വ്യാഴാഴ്ച ശൈഖ് ഇബ്നു ബാസ്(റ) നിര്യാതനായി. അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹം നൽകുകയും അദ്ദേഹത്തിൻെറ വിജ്ഞാനം ഫലപ്രദമാക്കുകയും ചെയ്യട്ടെ. ആമീൻ

പരിഭാഷകൻ

## ഉള്ളടക്കം


1-ഇസ്‌ലാമിനെ പരിചയപ്പെടുക

2-രണ്ടുസാക്ഷ്യം

3-നമസ്കാരം നിലനിർത്തൽ

4-സകാത്ത് നൽകൽ

5-റമദാൻ വ്രതം

6-ഹജ്ജ്

7-മുഹമ്മദ് അവസാനത്തെ പ്രവാചകൻ

8-സമാപ്തം

9-കുറിപ്പുകൾ

# ഇസ്‌ലാമിനെ പരിചയപ്പെടുക

സർവ്വസ്തുതിയും അല്ലാഹുവിനാണ്. അവൻെറ രക്ഷയും സമാധാനവും അന്ത്യപ്രവാചകന് ഉണ്ടാവട്ടെ.

അല്ലാഹു പറയുന്നു:

﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا﴾ المائدة ٣

**ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കി തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്കു ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു. (വി.ഖു. 5:3)**

﴿إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ﴾ آل عمران ١٩

**നിശ്ചയം അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാമാകുന്നു. (വി.ഖു. 3:19)**

﴿وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ﴾ آل عمران ٨٥

**ഇസ്‌ലാമല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. അവൻ പരലോകത്തിൽ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (വി.ഖു. 3:85)**

ഇസ്‌ലാമെന്നാൽ ഏകദൈവവിശ്വാസത്തിലൂടെയുള്ള ആത്മാർപ്പണവും അല്ലാഹുവിനെ അനുസരിച്ചു കൊണ്ട് അവന് കീഴ്പെടലും ബഹുദൈവാരാധനയിൽ നിന്നും അതിൻെറ ആളുകളിൽ നിന്നും ഒഴിവാകലുമാണ്. മുഹമ്മദ് നബി (സ) യുടെ പ്രബോധനം ആരംഭിക്കുന്നതിന് മുമ്പ് അറബികളുടെ വിശ്വാസം ശിർക്

(ബഹുദൈവാരാധന) പരമായിരുന്നു. ഇമാം ബുഖാരി അബൂറജാഉൽ ഉതാരിദിയിൽ നിന്ന് നിവേദനം ചെയ്യുന്നു.

كنا نعبد الحجر فإذا وجدنا حجرا هو خير منه ألقيناه وأخذنا الآخر، فإذا لم نجد حجرا جمعنا حثوة من تراب ثم جئنا بالشاة فحلبنا عليه ثم طفنا به (البخاري)

ഞങ്ങൾ കല്ലിനെ ആരാധിക്കാറുണ്ടായിരുന്നു. അതിനെക്കാൾ നല്ല മറ്റൊരു കല്ല് ലഭിച്ചാൽ ആദ്യത്തേത് ഉപേക്ഷിക്കുകയും മറ്റേത് ഞങ്ങൾ എടുക്കുകയും ചെയ്യും. കല്ല് ഞങ്ങൾക്ക് ലഭിക്കാതെ വന്നാൽ മൺകൂനയുണ്ടാക്കി, ആടിനെ കൊണ്ടുവന്ന് പാൽ കറന്ന് അതിന്മേൽ ഒഴിക്കുകയും ചെയ്തശേഷം അതിനെ ഞങ്ങൾ പ്രദക്ഷിണം ചെയ്യുമായിരുന്നു. (*ബുഖാരി*)

പ്രവാചകൻ (സ) പ്രബോധനം ആരംഭിക്കുന്നതിനു മുമ്പ് സമൂഹത്തിന്റെ പൊതുവെയുള്ള അവസ്ഥ വിശുദ്ധഖുർആൻ അനേകം സൂക്തങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿وَيَعْبُدُونَ مِن دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰؤُلَاءِ شُفَعَاؤُنَا عِندَ اللَّهِ﴾ يونس ١٨

അല്ലാഹുവിന് പുറമെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (യൂനുസ്: 18)

﴿وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ﴾ الزمر ٣

അവന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. (സുമർ: 3)

﴿إِنَّا جَعَلْنَا الشَّيَاطِينَ أَوْلِيَاءَ لِلَّذِينَ لاَ يُؤْمِنُونَ وَإِذَا فَعَلُوا فَاحِشَةً قَالُوا وَجَدْنَا عَلَيْهَا آبَاءَنَا وَاللَّهُ أَمَرَنَا بِهَا قُلْ إِنَّ اللَّهَ لاَ يَأْمُرُ بِالْفَحْشَاءِ أَتَقُولُونَ عَلَى اللَّهِ مَا لاَ تَعْلَمُونَ﴾ الأعراف ٢٧-٢٨

നിശ്ചയം വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു. അവർ വല്ല നീചവൃത്തിയും ചെയ്താൽ, ഞങ്ങളുടെ പിതാക്കൾ അതിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടെന്നും അല്ലാഹു ഞങ്ങളോട് കൽപിച്ചതാണത് എന്നുമാണവർ പറയുക. (നബിയേ) പറയുക, നീചവൃത്തി ചെയ്യുവാൻ അല്ലാഹു കൽപിക്കുകയേ ഇല്ല. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് അറിയാത്തത് പറഞ്ഞുണ്ടാക്കുകയാണോ? [അഅ്റാഫ്:27-28]

﴿إِنَّهُمُ اتَّخَذُوا الشَّيَاطِينَ أَوْلِيَاءَ مِن دُونِ اللَّهِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ﴾ الأعراف ٣٠

അല്ലാഹുവിനെ വിട്ട് പിശാചുക്കളെയാണവർ രക്ഷാധികാരികളാക്കിയത്. തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു. [അഅ്റാഫ്:30]

﴿وَجَعَلُوا لِلَّهِ مِمَّا ذَرَأَ مِنَ الْحَرْثِ وَالأَنْعَامِ نَصِيبًا فَقَالُوا هَذَا لِلَّهِ بِزَعْمِهِمْ وَهَذَا لِشُرَكَائِنَا فَمَا كَانَ لِشُرَكَائِهِمْ فَلاَ يَصِلُ إِلَى اللَّهِ وَمَا كَانَ لِلَّهِ فَهُوَ يَصِلُ إِلَى شُرَكَائِهِمْ سَاءَ مَا يَحْكُمُونَ﴾

الأنعام ١٣٦

അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ കൃഷിയിൽ നിന്നും, കന്നുകാലികളിൽ നിന്നും അവർ അവന് ഓഹരി നിശ്ചയിച്ചിരി

കയാണ്. എന്നിട്ട് തങ്ങളുടെ ജല്പനമനുസരിച്ച് ഇത് അല്ലാഹുവിനുള്ളതും, മറ്റേത് തങ്ങൾ പങ്കാളികളാക്കിയ ദൈവങ്ങൾക്കുള്ളതുമാണെന്ന് അവർ പറയുന്നു. എന്നാൽ അവരുടെ പങ്കാളികൾക്കുള്ളത് അല്ലാഹുവിന് എത്തുകയില്ല. അല്ലാഹുവിനുള്ളതാകട്ടെ അവരുടെ പങ്കാളികൾക്ക് എത്തുകയും ചെയ്യും. അവർ വിധിക്കുന്നത് എത്രമോശം! [അൻആം:136]

ഇതേ ആശയം വ്യക്തമാക്കുന്ന ആയത്തുകൾ (ഖുർആൻ സൂക്തങ്ങൾ) ധാരാളമാണ്. തിരുദൂതരിൽ നിന്ന് ഉദ്ധരിക്കപ്പെട്ട സ്വീകാര്യമായ വചനങ്ങൾ വ്യക്തമാക്കിയതും അദ്ദേഹത്തിന്റെ ചരിത്രം രേഖപ്പെടുത്തിയ പണ്ഡിതരും മാനവ ചരിത്രകാരന്മാരും വിശ്വസ്തരും പറഞ്ഞിട്ടുള്ളതും അപ്രകാരമാണ്. പ്രവാചക നിയോഗത്തിനു മുമ്പ് മനുഷ്യർക്കിടയിൽ വിവിധ രൂപത്തിലുള്ള ബഹുദൈവാരാധനകൾ ഉണ്ടായിരുന്നു. അവരിൽ ബിംബങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നവരുണ്ട്. ഖബ്റിൽ മറവുചെയ്യപ്പെട്ടവരെ ആരാധിക്കുന്നവരും അവരിലുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവരും അവരുടെ പിതാക്കളും സ്വീകരിച്ച അസത്യ മാർഗം ഉപേക്ഷിക്കുവാനും നബി (സ) അവരെ ക്ഷണിച്ചു. അല്ലാഹു പറയുന്നു:

﴿قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَوَاتِ وَالأَرْضِ لاَ إِلَهَ إِلاَّ هُوَ يُحْيِي وَيُمِيتُ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ الأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ﴾ الأعراف ١٥٨

പറയുക: മനുഷ്യരേ, നിശ്ചയം ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരാൾക്കാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നി

ങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുകയും ചെയ്യുക. നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം. (അഅ്റാഫ്:158)

﴿الر كِتَابٌ أَنْزَلْنَاهُ إِلَيْكَ لِتُخْرِجَ النَّاسَ مِنَ الظُّلُمَاتِ إِلَى النُّورِ بِإِذْنِ رَبِّهِمْ إِلَى صِرَاطِ الْعَزِيزِ الْحَمِيدِ﴾ إبراهيم ١

മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്കു അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അഥവാ, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്. (ഇബ്റാഹിം:1)

﴿يَاأَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُنِيرًا﴾ الأحزاب ٤٥-٤٦

നബിയേ, നിശ്ചയം നിന്നെ നാം ഒരുസാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്കു ക്ഷണിക്കുന്നവനും, പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. (അഹ്സാബ്:45-46)

﴿وَمَا أُمِرُوا إِلاَّ لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّين حنفاء﴾ البينة ٥

കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. (അൽബയ്യിന:5)

﴿يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ﴾ البقرة ٢١

ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി (ച്ചുജീവി) ക്കുവാൻ വേണ്ടിയത്രെ അത്. [അൽബഖറ:21]

﴿وَقَضَى رَبُّكَ أَلاَّ تَعْبُدُوا إِلاَّ إِيَّاهُ﴾ الإسراء ٢٣

അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. [ഇസ്റാഅ്: 23]

ഉപര്യുക്ത ആശയം വിവരിക്കുന്ന സൂക്തങ്ങൾ ഇനിയും അനേകമുണ്ട്.

ബഹുദൈവാരാധകർ, അവർ അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും സത്യം നിഷേധിക്കുകയും ചെയ്യുന്നവരായിരിക്കെ, അല്ലാഹുവിനെ തങ്ങളുടെ സ്രഷ്ടാവായും അന്നദാതാവായും അംഗീകരിച്ചിരുന്നു. എന്നാൽ അല്ലാഹു അല്ലാത്തവരെ അവർ ആരാധിച്ചിരുന്നത് അവന്റെയും അവരുടെയും ഇടയിലുള്ള മധ്യവർത്തികളെന്ന നിലക്ക് മാത്രമാണ്. ഇക്കാര്യം മുമ്പ് ഉദ്ധരിച്ച ഖുർആനിക വചനത്തിൽ വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു.

﴿وَيَعْبُدُونَ مِن دُونِ اللهِ مَا لاَ يَضُرُّهُمْ وَلاَ يَنفَعُهُمْ وَيَقُولُونَ هَؤُلاَءِ شُفَعَاؤُنَا عِندَ اللهِ﴾ يونس ١٨

അല്ലാഹുവിന് പുറമെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. [യൂനുസ്: 18]

അതിൽപെട്ട മറ്റുവചനങ്ങൾ ഇപ്രകാരമാണ്.

﴿قُلْ مَن يَرْزُقُكُم مِّنَ السَّمَاءِ وَالأَرْضِ أَمَّن يَمْلِكُ السَّمْعَ وَالأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَن يُدَبِّرُ الأَمْرَ فَسَيَقُولُونَ اللّهُ فَقُلْ أَفَلاَ تَتَّقُونَ﴾ يونس ٣١

പറയുക. ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അല്ലെങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നതും ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? അവർ പറയും, അല്ലാഹു എന്ന്. അപ്പോൾ പറയുക. എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? (യൂനുസ്. 31)

﴿وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ اللَّهُ فَأَنَّى يُؤْفَكُونَ﴾ الزخرف ٨٧

ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും, അല്ലാഹു എന്ന്. അപ്പോൾ അവർ വ്യതിചലിപ്പിക്കപ്പെടുന്നത് എങ്ങിനെയാണ്? (സുഖ്റുഫ്. 87)

ഇവക്കു പുറമെ മറ്റുധാരാളം വചനങ്ങളിലും ഇക്കാര്യം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.*

ഇപ്രകാരം അവസാനത്തെ മതമായ ഇസ്‌ലാമുമായി മുഹമ്മദ് നബി (സ) നിയുക്തനായത് അറബികൾക്കു വേണ്ടി മാത്രമായിരുന്നില്ല. മറിച്ചു മനുഷ്യർക്ക് മുഴുവനുമായിട്ടാണ്. മാനവിക ലോകം മുഴുവൻ അതിനെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കു നയിക്കുന്ന ഒരാളുടെ സാന്നിദ്ധ്യം ഏറ്റവും അനിവാര്യമാക്കിയ ഘട്ടത്തിലാണ് തിരുമേനി (സ) യുടെ നിയോഗമുണ്ടായത്.

ഈ മഹത്തായ ഇസ്‌ലാം മതം അഞ്ച് അടിസ്ഥാനങ്ങളിലാണ് നിലനിൽക്കുന്നത്. അവക്ക്

---

* കുറിപ്പ് 1 കാണുക.

"അർകാനുകൾ" എന്ന് പറയുന്നു. ഇബ്നു ഉമറിൽ നിന്ന് നിവേദനം; നിശ്ചയം നബി (സ) പറഞ്ഞു.

بني الإسلام على خمس: شهادة أن لاإله إلا ا لله، وأن محمدا رسول ا لله، وإقام الصلاة، وإيتاء الزكاة، وصوم رمضان، وحج البيت.

ഇസ്ലാം അഞ്ചുകാര്യത്തിന്മേൽ പടുത്തിരിക്കുന്നു. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യംവഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത് കൊടുക്കുക, റമദാനിൽ വ്രതമനുഷ്ഠിക്കുക, കഅ്ബയിൽ ഹജ്ജ് ചെയ്യുക എന്നിവയാണവ. (ബുഖാരി-മുസ്ലിം)

## 1- രണ്ടു സാക്ഷ്യങ്ങൾ

രണ്ടുസാക്ഷ്യമാണ് ഇസ്ലാം കാര്യങ്ങളിൽ ഒന്നാമത്തേതും ഏറ്റവും പ്രാധാന്യമുള്ളതും. ഈമഹത്തായ സാക്ഷ്യവചനം നാവുകൊണ്ട് മൊഴിയുന്നത് ഒരു ആരാധനയായിട്ട് മാത്രമല്ല. പ്രത്യുത അവ രണ്ടും പ്രത്യക്ഷത്തിൽ ഒരാൾ മുസ്ലിമാകുന്നു. പക്ഷെ, അതോടൊപ്പം അവ രണ്ടിന്റെയും ആശയമനുസരിച്ചുള്ള കർമ്മം അനിവാര്യമാണ്. ആരാധന നിഷ്കളങ്കമായും അല്ലാഹുവിന് മാത്രമാക്കുക, ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മറ്റുള്ളവർക്കുള്ള ആരാധന മിഥ്യയാണെന്നും വിശ്വസിക്കുക എന്നി കാര്യങ്ങൾ ഈ സാക്ഷ്യവാക്യം ഉൾകൊള്ളുന്നുണ്ട്. പുറമെ അല്ലാഹുവിനെ സ്നേഹിക്കുക, തിരുദൂതരെ സ്നേഹിക്കുക എന്നതും ഇതിന്റെ താൽപര്യമാണ്. അല്ലാഹുവിന് മാത്രമായി ആരാധന ചെയ്യുന്നതും അവനെ മഹത്വപ്പെടുത്തുന്നതും അവൻ നിയോഗിച്ച നബി (സ) യുടെ ചര്യ അനുധാവനം ചെയ്യുന്നതുമൊക്കെ ആ സ്നേഹത്തിന്റെ തേട്ടമാണ്. അല്ലാഹു പറഞ്ഞു.

﴿قُلْ إِنْ كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ﴾ آل عمران ٣١

നബിയേ പറയുക, നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാ

ഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യും. [ആലുഇംറാൻ .31]

അല്ലാഹുവിൻെറ ദൂതൻ (സ) കൽപിക്കുന്ന കാര്യങ്ങൾ അനുസരിക്കുന്നതും ഇരുസാക്ഷ്യങ്ങളുടെ ഉദ്ദേശ്യങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു:

﴿وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا﴾ الحشر ٧

പ്രവാചകൻ നിങ്ങൾക്ക് കൊണ്ടുവന്നവ നിങ്ങൾ സ്വീകരിക്കുക, അദ്ദേഹം നിങ്ങളോട് വിരോധിക്കുന്നവ നിങ്ങൾ വർജ്ജിക്കുക. [അൽഹശ്ർ.7]

ഒരു നബിവചനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്.

ثلاث من كنّ فيه وجد حلاوة الإيمان: أن يكون الله ورسوله أحبّ إليه مما سواه . الحديث

ഒരാളിൽ മൂന്നു കാര്യങ്ങൾ ഉണ്ടായാൽ അവൻ വിശ്വാസത്തിൻെറ മാധുര്യം നേടി . അല്ലാഹുവും അവൻെറ ദൂതനും മറ്റെല്ലാറ്റിനെക്കാളും അവന്ന് സ്നേഹമുള്ളതാകുക — (ഹദീഥ്) മറ്റൊരു വചനത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്.

لآ يؤمن أحدكم حتى أكون أحب إليه من والده وولده والناس أجمعين.

നിങ്ങളിലൊരാൾ തൻെറ പിതാവിനെക്കാളും സന്താനങ്ങളെക്കാളും സർവ്വജനങ്ങളെക്കാളും കൂടുതൽ എന്നെ ഇഷ്ടപ്പെടുന്നത് വരെ വിശ്വാസിയാവുകയില്ല.

## 2-നമസ്കാരം നിലനിർത്തുക

ഇസ്ലാം കാര്യങ്ങളിൽ രണ്ടാമത്തേത് നമസ്കാരം നിലനിർത്തുകയാകുന്നു. അത് രണ്ടുസാക്ഷ്യവാക്യങ്ങൾക്കു ശേഷം ഏറ്റവും പ്രാധാന്യമുള്ളതാണ്. കാരണം, അത് മതത്തിൻെറ സ്തൂപവും പാരത്രികലോകത്ത് വിചാരണ ചെയ്യപ്പെടുന്ന മനുഷ്യ കർമ്മങ്ങളിൽ ആദ്യത്തേതുമാണ്. അതിനാൽ നമസ്കാരം നന്നായാൽ അവൻ വിജയിക്കുകയും, മോശമായാൽ അവൻ പരാജയപ്പെടുകയും നഷ്ടക്കാരനാവുകയും ചെയ്യും. നിശ്ചിത സമയങ്ങളിൽ നിർവ്വഹിക്കേണ്ട ഒരു ആരാധനയാണ് നമസ്കാരം. അല്ലാഹു പറയുന്നു:

﴿إِنَّ الصَّلَوٰةَ كَانَتْ عَلَى الْمُؤْمِنِينَ كِتَابًا مَّوْقُوتًا﴾ النساء ١٠٣

നിശ്ചയം നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണ്ണയിക്കപ്പെട്ട ഒരു നിർബന്ധ ബാധ്യതയാകുന്നു. (അന്നിസാഅ്:103)

ആ നമസ്കാരങ്ങൾ സൂക്ഷ്മതയോടെ പാലിക്കുവാൻ അല്ലാഹു നമ്മോട് കൽപിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു.

﴿حَـٰفِظُواْ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُواْ لِلَّهِ قَـٰنِتِينَ﴾

നമസ്കാരങ്ങൾ നിങ്ങൾ സൂക്ഷ്മതയോടെ നിർവ്വഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉത്കൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭക്തിയോടുകൂടി നിന്നുകൊണ്ടായിരിക്കണം നിങ്ങൾ പ്രാർത്ഥിക്കുന്നത് (അൽബഖറ :238).

നമസ്കാരത്തെ നിസ്സാരമായി കാണുകയും സമയത്തെക്കാൾ പിന്തിക്കുകയും ചെയ്യുന്നവരെ അല്ലാഹു താക്കീത് ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു.

﴿فَخَلَفَ مِن بَعْدِهِمْ خَلْفٌ أَضَاعُوا الصَّلَوةَ وَاتَّبَعُوا الشَّهَوَاتِ فَسَوْفَ يَلْقَوْنَ غَيًّا﴾ مريم ٥٩

അങ്ങിനെ അവർക്കു ശേഷം ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ദുർമാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്. (മർയം:59)

﴿فَوَيْلٌ لِّلْمُصَلِّينَ الَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ﴾ الماعون

എന്നാൽ തങ്ങളുടെ നമസ്കാരത്തെ കുറിച്ച് ശ്രദ്ധയില്ലാത്തവരായ നമസ്കാരക്കാർക്കാണ് നാശം (അൽമാഊൻ :4-5)

നമസ്കാരം ഇസ്‌ലാമിന്റെയും ബഹുദൈവാരാധനയുടെയും സത്യനിഷേധത്തിന്റെയും ഇടയിൽ വേർതിരിക്കുന്ന ഒരു അടയാളമാണ്. ജാബിർ (റ) ൽ നിന്ന് നിവേദനം; നബി (സ) പറയുന്നതായി ഞാൻ കേട്ടു.

إنّ بين الرجل وبين الشرك والكفر ترك الصلاة (مسلم)

നിശ്ചയം, ഒരാളുടെയും ബഹുദൈവാരാധനയുടെയും സത്യനിഷേധത്തിന്റെയും ഇടയിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാകുന്നു. *(മുസ്‌ലിം)*

ബുറൈദയിൽ നിന്ന് ഇമാം അഹ്മദും മറ്റും നിവേദനംചെയ്ത ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു.

العهد الذي بيننا وبينهم الصلاة فمن تركها فقد كفر (أحمد)

നമസ്കാരം നമ്മുടെയും അവരുടെയും ഇടയിലുള്ള കരാറാണ്. വല്ലവനും അത് ഉപേക്ഷിച്ചാൽ അവൻ അവിശ്വാസിയായി. *(അഹ്മദ്)*

നമസ്കാരം പള്ളികളിൽ വച്ച് സംഘമായി നിർവ്വഹിക്കൽ നിർബന്ധമാണ്. കാരണം, അതിന് മഹത്തായ ശ്രേഷ്ഠതകളുണ്ട്. ഇബ്നു ഉമർ (റ) ൽ നിന്ന് നിവേദനം; നബി (സ) പറഞ്ഞു.

الصلاة جماعة أفضل من صلاة الفذ بسبع وعشرين درجة

സംഘമായുള്ള നമസ്കാരം ഒറ്റക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തിയേഴ് പദവി ശ്രേഷ്ഠമാണ്. (ബു.മു)

സംഘമായുള്ള നമസ്കാരത്തിന് വരാതിരിക്കുന്നവരുടെ വീടുകൾ തീവെക്കാൻ പോലും നബി (സ) ഉദ്ദേശിക്കുകയുണ്ടായി എന്നത് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീഥിൽ വന്നിട്ടുണ്ട്. മറ്റൊരിക്കൽ നബി (സ) പറഞ്ഞു.

من سمع النداء فلم يأت فلا صلاة له إلاّ من عذر.

ബാങ്ക് വിളി കേൾക്കുകയും കാരണമില്ലാതെ ജമാഅത്തിന് പോകാതിരിക്കുകയും ചെയ്യുന്നവന് നമസ്കാരമില്ല. ഇത് ഇബ്നു ഹിബ്ബാൻ, ദാറഖുത്നി, ഹാകിം എന്നിവർ സ്വീകാര്യമായ പരമ്പരയിലൂടെ ഉദ്ധരിച്ചതാണ്. ഇതൊക്കെ നമസ്കാം സംഘമായി നിർവ്വഹിക്കുന്നതിന്റെ മഹത്വത്തെ വ്യക്തമാക്കുന്നു.

നമസ്കാരം അല്ലാഹുവിൻറടുക്കൽ സ്വീകാര്യവും സമ്പൂർണ്ണവുമാകണമെങ്കിൽ അച്ചടക്കത്തോടെ ഭക്തിപൂർവ്വം നിർവ്വഹിക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

﴿قَدْ أَفْلَحَ الْمُؤْمِنُونَ الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ﴾ المؤمنون ١-٢

തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ വിശ്വാസികൾ വിജയിച്ചു. (അൽമുഅ്മിനൂൻ.1-2)

നമസ്കാരത്തിൽ അച്ചടക്കം പാലിക്കാത്തവരോട് വീണ്ടും നമസ്കരിക്കാൻ നബി (സ) അനുശാസിക്കുകയും ചെയ്തിട്ടുണ്ട്.

നമസ്കാരം സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും ക്രമീ കരണത്തിന്റെയും അഭിമുഖ ദിശയായ കഅ്ബായിലേക്ക് തിരിഞ്ഞു നിൽക്കുന്നതിനാൽ ഐക്യത്തിന്റെയും പ്രത്യക്ഷ രൂപമാണ്. പുറമെ, വിശ്വാസിക്ക് അതിൽ ആനന്ദവും സമാധാനവുമുണ്ട്. നബി (സ) പറഞ്ഞു.

وجعلت قرّة عيني في الصلاة

എന്റെ കണ്ണിന് ആനന്ദം നമസ്കാരത്തിൽ നിശ്ചയിക്കപ്പെട്ടി രിക്കുന്നു.

അദ്ദേഹത്തെ വല്ലകാര്യവും വിഷമിപ്പിച്ചാൽ നമസ്കാരത്തിലേക്ക് അഭയം പ്രാപിക്കുമായിരുന്നു. കാരണം, അല്ലാഹു പറഞ്ഞു.

﴿اسْتَعِينُوا بِالصَّبْرِ وَالصَّلَوٰةِ﴾ البقرة ١٥٣

ക്ഷമകൊണ്ടും നമസ്കാരത്തിലൂടെയും നിങ്ങൾ സഹായം തേടുക. (അൽബഖറ. 153). നബി (സ) ബിലാലിനോട് ഇങ്ങനെ പറയുമായിരുന്നു.

يا بلال أرحنا بها

ബിലാലെ, നമസ്കാരം കൊണ്ട് നമുക്ക് ആശ്വാസം നൽകൂ.

കാരണം, ഒരു മുസ്‌ലിം നമസ്കരിക്കാൻ നിൽക്കുന്നത് തന്റെ സ്രഷ്ടാവിന്റെ മുമ്പിലാണ്. അതിനാൽ അവന്റെ മനസ്സ് ആശ്വസിക്കുകയും സമാധാനമടയുകയും ചെയ്യുന്നു. തന്റെ രക്ഷിതാവിനെ കൊണ്ട് അവന്റെ കണ്ണ് ആനന്ദിക്കുകയും അവയവങ്ങൾ ഭക്തിയോടെ കീഴ്‌വണങ്ങുകയും ചെയ്യുന്നു.

## 3-സകാത് നൽകുക

ഇസ്‌ലാം കാര്യങ്ങളിൽ മൂന്നാമത്തേത് സകാത് നൽകുകയാണ്. അത് ഉന്നതമായ ഒരു സാമൂഹ്യ ബാധ്യതയാണ്. ദയ, കരുണ, സ്നേഹം, സഹകരണം തുടങ്ങിയ ഇസ്‌ലാമിന്റെ ഉന്നത ലക്ഷ്യങ്ങളെ കുറിച്ച് വിശ്വാസികളെ അത് ബോധ്യപ്പെടുത്തുന്നു.

അത് ഒരിക്കലും വ്യക്തികൾ നൽകുന്ന ഔദാര്യമല്ല. മറിച്ച് നിർബന്ധ ബാധ്യതയാണ്. മാത്രമല്ല, യഥാർത്ഥത്തിൽ ആ ധനം അല്ലാഹുവിൻറതാണ്. അല്ലാഹു അവനെ ഏൽപിച്ചതാണെന്നു മാത്രം. അല്ലാഹു പറയുന്നു.

﴿وَآتُوهُم مِّن مَّالِ اللَّهِ الَّذِي آتَاكُمْ﴾ النور ٣٣

**അല്ലാഹു നിങ്ങൾക്ക് നൽകിയ ധനത്തിൽ നിന്ന് നിങ്ങൾ അവർക്ക് കൊടുക്കുക.** [അന്നൂർ. 33]

﴿آمِنُوا بِاللَّهِ وَرَسُولِهِ وَأَنفِقُوا مِمَّا جَعَلَكُم مُّسْتَخْلَفِينَ فِيهِ فَالَّذِينَ آمَنُوا مِنكُمْ وَأَنفَقُوا لَهُمْ أَجْرٌ كَبِيرٌ﴾ الحديد ٧

**നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ പിൻതുടർച്ച നൽകപ്പെട്ടവരാക്കിയിരിക്കുന്നുവോ അതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളുടെ കൂട്ടത്തിൽ നിന്ന് വിശ്വസിക്കുകയും ചെലവഴിക്കുകയും ചെയ്തവരാരോ അവർക്ക് വലിയ പ്രതിഫലമുണ്ടായിരിക്കുന്നതാണ്.** [അൽഹദീദ്.7]

നമസ്കാരത്തോടൊപ്പം ചേർത്താണ് അനേകം സൂക്തങ്ങളിൽ സകാത് പരാമർശിക്കപ്പെട്ടിട്ടുള്ളത്. ചില അറബി ഗോത്രങ്ങൾ സകാത് നൽകാൻ വിസമ്മതിച്ചപ്പോൾ അബൂബകർ (റ) അവരോട് യുദ്ധം ചെയ്തു. അദ്ദേഹം പറഞ്ഞു. അല്ലാഹുവാണെ, നമസ്കാരത്തിൻെറയും സകാതിൻെറയും ഇടയിൽ വേർതിരിക്കുന്നവരോട് തീർച്ചയായും ഞാൻ യുദ്ധം ചെയ്യുന്നതാണ്. നബി(സ്വ)യുടെ അനുചരർ അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. ഇതൊക്കെ സകാതിൻെറ പ്രാധാന്യത്തെ വരച്ചു കാട്ടുന്നു.

ചെലവഴിക്കുന്നതിൽ ലുബ്ധ് കാണിക്കുന്നവരെ അല്ലാഹു താക്കീത് ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു.

﴿وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلاَ يُنفِقُونَهَا فِي سَبِيلِ اللّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ﴾ التوبة ٣٤

സ്വർണ്ണവും വെള്ളിയും സൂക്ഷിച്ചു വക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരോട് വേദനയുള്ള ശിക്ഷയെ കുറിച്ച് നീ സുവിശേഷമറിയിക്കുക. (അത്തൗബ: 34).

ഒരു മുസ്‌ലിമിന്റെ എല്ലാതരം ധനത്തിനും വർഷം പൂർത്തിയായാൽ സകാത് കൊടുക്കൽ നിർബന്ധമാണ്. ധാന്യങ്ങളും ഫലങ്ങൾക്കും വർഷം പൂർത്തിയാകണമെന്നില്ല അത് പാകമായി എടുക്കുന്ന സമയത്ത് അതിന്റെ സകാത് നിർബന്ധമാണ്. ഖുർആൻ വിവരിച്ച പോലെ അതിന്റെ അർഹരായ അവകാശികൾക്ക് നൽകേണ്ടതുമാണ്. അല്ലാഹു പറയുന്നു:

﴿إِنَّمَا الصَّدَقَاتُ لِلْفُقَرَاء وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللّهِ وَاللّهُ عَلِيمٌ حَكِيمٌ﴾ التوبة ٦٠

നിശ്ചയം ദാനം (നൽകേണ്ടത്) ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും, കടംകൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിന്റെ മാർഗത്തിലും, വഴിയാത്രക്കാരനും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ അത്. (അത്തൗബ: 60).

## 4-റമദാൻ വ്രതം

ഇസ്‌ലാം കാര്യങ്ങളിൽ നാലാമത്തേത് റമദാനിലെ വ്രതമാണ്. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ ءَامَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ﴾ البقرة ١٨٣

**വിശ്വസിച്ചവരേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് വ്രതം നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങളുടെ മേലും വ്രതം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അത് നിങ്ങൾ സൂക്ഷ്മതയുള്ളവരാകാൻ വേണ്ടിയാണ്.** (അൽബഖറ: 183)

വ്രതാനുഷ്ഠാനത്തിലൂടെ ഒരു മുസ്‌ലിം തനിക്ക് അനുവദിക്കപ്പെട്ട ആഗ്രഹങ്ങളും ആസ്വാദനങ്ങളും കുറച്ചുസമയം ഉപേക്ഷിക്കാൻ തന്റെ ശരീരത്തെ പരിശീലിപ്പിക്കുകയാണ് ചെയ്യുന്നത്. അതിൽ ആത്മീയമായ ഗുണങ്ങൾക്കു പുറമെ ആരോഗ്യപരമായ ഗുണങ്ങളുമുണ്ട്. വിശക്കുന്നവനും ഭക്ഷ്യപാനീയങ്ങളില്ലാതെ ദിനങ്ങൾ കഴിയുന്നവനുമായ മുസ്‌ലിം സഹോദരങ്ങളുടെ ആവശ്യത്തെ കുറിച്ച് അത് ബോധം നൽകുകയും ചെയ്യുന്നു. ഇക്കാലത്ത് ആഫ്രിക്കയിലെ നമ്മുടെ സഹോദരങ്ങൾ അത് അനുഭവിക്കുന്നവരാണല്ലോ.

മാസങ്ങളിൽ റമദാനിന്ന് ശ്രേഷ്ഠതയുണ്ട്. ആ മാസത്തിലാണ് അല്ലാഹു ഖുർആൻ അവതരിപ്പിച്ചത്. അല്ലാഹു പറയുന്നു:

﴿شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ هُدًى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدَى وَالْفُرْقَانِ﴾ البقرة ١٨٥

**ജനങ്ങൾക്ക് മാർഗദർശകമായിക്കൊണ്ടും നേർവഴി കാണിക്കുന്നതും സത്യവും അസത്യവും വേർതിരിക്കുന്നതുമായ സുവ്യക്ത തെളിവുകളുമായി കൊണ്ടും വിശുദ്ധഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ.** (അൽബഖറ:185)

ആയിരം മാസത്തെക്കാൾ പവിത്രമായ അതിലെ ഒരു രാത്രിയിലാണ് അവതരിച്ചത്. അല്ലാഹു പറയുന്നു:

﴿إِنَّا أَنْزَلْنَاهُ فِي لَيْلَةِ الْقَدْرِ وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ﴾ القدر ١-٣

**നിശ്ചയം നാം ഇതിനെ (ഖുർആനിനെ) നിർണ്ണയത്തിൻെറ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണ്ണയത്തിൻെറ രാത്രിയെന്നാൽ എന്താണെന്ന് നിനക്ക് അറിയാമോ? നിർണ്ണയത്തിൻെറ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.** (ഖദ്ർ 1-3).

നോമ്പുകാരൻ വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും വ്രതമനുഷ്ഠിക്കുന്നുവെങ്കിൽ അവൻെറ മുൻ പാപങ്ങളിൽ നിന്ന് പൊറുക്കപ്പെടുന്നതാണ്. അബൂഹുറയ്റ (റ) യിൽ നിന്ന് നിവേദനം; നബി (സ) പറഞ്ഞു.

من صام رمضان إيمانا واحتسابا غفر له ما تقدّم من ذنبه، ومن قام رمضان إيمانا واحتسابا غفر له ما تقدّم من ذنبه، ومن قام ليلة القدر إيمانا واحتسابا غفر له ما تقدّم من ذنبه. (متفق عليه)

വിശ്വസിക്കുകയും പ്രതിഫലം ആഗ്രഹിക്കുകയും ചെയ്തുകൊണ്ട് ഒരാൾ റമദാനിൽ വ്രതമെടുത്താൽ അവൻെറ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. വിശ്വസിക്കുകയും പ്രതിഫലം ആഗ്രഹിക്കുകയും ചെയ്തുകൊണ്ട് റമദാനിൽ ഒരാൾ നമസ്കരിച്ചാൽ അവൻെറ മുൻപാപങ്ങളിൽ നിന്ന് പൊറുക്കപ്പെടുന്നതാണ്. നിർണ്ണയ രാത്രിയിൽ ആരെങ്കിലും വിശ്വാസപൂർവ്വം പ്രതിഫലം ഇച്ഛിച്ചു കൊണ്ട് നമസ്കരിച്ചാൽ അവൻെറ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. (ബുഖാരി-മുസ്‌ലിം)

വ്രതമെടുക്കുന്നവൻ ഏഷണി, പരദൂഷണം, കളവ് തുടങ്ങിയ അനാവശ്യ വർത്തമാനങ്ങൾ വർജ്ജിക്കേണ്ടത് നിർബന്ധമാണ്. വിനോദങ്ങൾ ശ്രവിക്കാതിരിക്കുകയും നിഷിദ്ധമായ എല്ലാ കാര്യങ്ങളിൽ നിന്നും സൂക്ഷ്മത പാലിക്കുകയും വേണം. പ്രത്യുത ഖുർആൻ പാരായണം, അല്ലാഹുവെ സ്മരിക്കുക, ദാനം ചെയ്യുക, ആരാധന ചെയ്യാൻ പരിശ്രമിക്കുക-അവസാനത്തെ പത്തിൽ പ്രത്യേകിച്ചും- തുടങ്ങിയവയൊക്കെ വർദ്ധിപ്പിക്കൽ അഭികാമ്യമാണ്.

## 5-ഹജ്ജ് ചെയ്യൽ

ഇസ്ലാം കാര്യങ്ങളിൽ അഞ്ചാമത്തേത് പരിശുദ്ധ കഅ്ബയിൽ പോയി ഹജ്ജ് (തീർത്ഥാടനം) ചെയ്യലാണ്. അല്ലാഹു പറയുന്നു:

﴿وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً﴾ آل عمران ٩٧

**(കഅ്ബ) മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. (ആലുഇംറാൻ :97)**

ആയുഷ്കാലത്തിൽ ഒരുതവണ ഹജ്ജ്ചെയ്യൽ നിർബന്ധമാണ്. ഇപ്രകാരം തന്നെ ഉംറയും. കഴിവും ബുദ്ധിയുമുള്ള സ്വതന്ത്രരും പ്രായം തികഞ്ഞവരുമായ എല്ലാമുസ്ലിമിനും അത് രണ്ടും നിർബന്ധമാണ്. കുട്ടിയുടേത് സാധുവാകുന്നതാണ്. എങ്കിലും പ്രായം തികയുകയും കഴിവുണ്ടാവുകയും ചെയ്താൽ അവ രണ്ടിന്റെയും ബാധ്യത ഒഴിവാകുകയില്ല. അവൻ വീണ്ടും ചെയ്യണം. ഹജ്ജിനോ ഉംറക്കോ കൂടെ പോകാൻ ബന്ധുക്കൾ ഇല്ലാത്ത സ്ത്രീ ബാധ്യതയിൽ നിന്ന് ഒഴിവാകുന്നതാണ്. കാരണം, അടുത്ത ബന്ധുക്കളില്ലാതെ സ്ത്രീ യാത്രചെയ്യുന്നത് നബി (സ) വിരോധിച്ചതായി സ്വീകാര്യമായ ഹദീസുകളിൽ വന്നിട്ടുണ്ട്.

ഹജ്ജ് ഒരു ഇസ്ലാമിക സമ്മേളനമാണ്. എല്ലാ വഴികളിലൂടെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി ഭാഷയുടെയും വർണ്ണത്തിന്റെയും നാടിന്റെയും ഭിന്നതകൾക്കതീതമായി അവർ അവിടെ ഒരുമിച്ചുകൂടുകയാണ്. അവർ ധരിച്ച വേഷം ഒന്ന്. അവർ ഒരേസ്ഥലത്ത് വച്ച് ഒരേ ഇബാദത്ത് ചെയ്യുന്നു. അവർക്കിടയിൽ ചെറുതും വലുതുമെന്നോ, ധനികനും ദരിദ്രനുമെന്നോ കറുത്തവനും വെളുത്തവനുമെന്നോ വ്യത്യാസമില്ല. എല്ലാവരും തുല്യർ. അല്ലാഹു പറയുന്നു:

﴿يَاأَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَى وَجَعَلْنَاكُمْ شُعُوبًا
وَقَبَائِلَ لِتَعَارَفُوا إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ﴾ الحجرات ١٣

ഹേ മനുഷ്യരേ, നിശ്ചയം നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ പരസ്പരം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തിരിക്കുന്നു. നിശ്ചയം അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ കൂടുതൽ ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. (അൽഹുജറാത്ത്:13)

സ്വീകാര്യമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല. നബി (സ) യുടെ വചനമായി അബൂഹുറയ്റയിൽ നിന്ന് നിവേദനം ചെയ്യുന്നു.

العمرة إلى العمرة كفارة لما بينهما والحج المبرور ليس له جزاء إلاّ الجنة (متفق عليه)

ഒരു ഉംറ അടുത്ത ഉംറ വരെയുള്ളതിന് പ്രായശ്ചിത്തമാണ്. സ്വീകാര്യമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല (ബുഖാരി-മുസ്ലിം)

നബി (സ) പറയുന്നു.

من حج لله فلم يرفث ولم يفسق رجع كيوم ولدته أمه (متفق عليه)

ഒരാൾ ദാമ്പത്യ ബന്ധമോ, അനാവശ്യമോ ചെയ്യാതെ അല്ലാഹുവിനു വേണ്ടി ഹജ്ജ് ചെയ്താൽ അവന്റെ മാതാവ് അവന് ജന്മം നൽകിയ ദിനത്തെ പോലെ അവൻ വിശുദ്ധനായിത്തീരും. (ബുഖാരി-മുസ്ലിം)

## മറ്റുപ്രധാന കാര്യങ്ങൾ

മേൽപറയപ്പെട്ട ഇസ്ലാം കാര്യങ്ങൾ പെട്ടതല്ലെങ്കിലും മറ്റുചിലത്കൂടി അതിന്റെ അടിസ്ഥാന കാര്യങ്ങളിൽ പെട്ടതായുണ്ട്. അവ മുസ്ലിംകളിൽ ഇസ്ലാമിനെ സജീവമാക്കുന്നതിന് സഹായിക്കുന്നവയാണ്. നന്മ കൽപിക്കലും തിന്മ വിരോധിക്കലും അതിൽ പെട്ടതാണ്. മുസ്ലിം സമുദായം ഇതര സമുദായങ്ങൾക്കു വേണ്ടി ഉയർത്തെഴുന്നേൽപിക്കപ്പെട്ട സമുദായമാണെന്ന് അല്ലാഹു വിശേഷിപ്പിച്ചു. കാരണം, അവർ

നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരാണ്. അല്ലാഹു പറയുന്നു:

﴿كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ﴾ آل عمران ١١٠

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരം വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (ആലുഇംറാൻ:110)

പൂർവ്വികരിൽ ചിലർ പറഞ്ഞു: ഈ ഉത്തമ സമുദായത്തിൽ ഉൾപെടാൻ വല്ലവനും ഉദ്ദേശിക്കുന്നെങ്കിൽ അവൻ അതിന്റെ നിബന്ധനയായ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യട്ടെ.

ഇസ്‌ലാമിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു കാര്യം ധർമ്മ സമരം (ജിഹാദ്)@@ ആകുന്നു. തന്മൂലം മുസ്‌ലിംകൾക്ക് പ്രതാപവും ദൈവവചനത്തിന് ഉന്നതിയും മുസ്‌ലിം ദേശങ്ങൾക്ക്

---

@@ഇസ്‌ലാമിക രാജ്യത്തോട് ബഹുദൈവാരാധകരായ ശത്രുക്കൾ സായുധ സമരം പ്രഖ്യാപിച്ചാൽ നിലനിൽപിന്നായി പ്രതിരോധിക്കേണ്ടത് മുസ്‌ലിം കളുടെ കടമയാണ്. അത് ഏതൊരു സമൂഹത്തിനും ചെയ്യേണ്ടി വരുമല്ലോ. യുദ്ധം പ്രഖ്യാപിക്കപ്പെട്ടാൽ വിജയം വരിക്കുന്നതുവരെ ആക്രമണം തന്നെ തുടരണമെന്ന് ഇസ്‌ലാമിന് നിർബന്ധമില്ല. കാരണം, സമാധാനമാണ് അത് ആഗ്രഹിക്കുന്നത്. അതിനാണ് യുദ്ധം അനുവദിച്ചത്. ഇരു വിഭാഗത്തിനും ഒരു സന്ധിയിലേർപ്പെട്ടുകൊണ്ട് സമാധാനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞാൽ അത് സ്വീകരിക്കുകയും യുദ്ധം അവസാനിപ്പിക്കുകയും വേണം. അല്ലാഹു പറയുന്നു: അവർ സമാധാനത്തിലേക്ക് ചാഞ്ഞാൽ നീയും അതിലേക്ക് ചായുക (വി.ഖു. 8:61). ഇനി യുദ്ധകാലത്ത് അവർ ഇസ്‌ലാം അംഗീകരിച്ചുവെന്ന് പ്രഖ്യാപിച്ചാലും യുദ്ധം തുടരാവതല്ല. മനസ്സിൽ അവിശ്വാസം വെച്ചുകൊണ്ടാണെങ്കിലും അവരുടെ ബാഹ്യാവസ്ഥ പരിഗണിച്ചു യുദ്ധം അവസാനിപ്പിക്കേണ്ടതാണ്. അവരുടെ ആത്മാർത്ഥതയെ കുറിച്ചുള്ള ആശങ്ക അല്ലാഹു വിലേക്കു വിടണമെന്നും ഇസ്‌ലാം നിർദ്ദേശിച്ചു. ഈ രണ്ടുഘട്ടങ്ങളിലും മുസ്‌ലിംകൾ അവരോട് ബാധ്യതയുള്ളവരുമായിരിക്കും.

ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് സുരക്ഷയുമുണ്ടാകുന്നതാണ്. ഇബ്നു ഉമർ (റ) ൽ നിന്ന് നിവേദനം; നബി (സ) പറഞ്ഞു;

أمرت أن أقاتل حتى يشهدوا أن لآإله إلاّ ا لله وأن محمدا رسول ا لله ويقيموا الصلاة ويؤتوا الزكاة فإذا فعلوا ذلك عصموا مني دماءهم وأموالهم الاّ بحق الإسلام وحسابهم على ا لله (متفق عليه)

ശത്രു ജനതയോട് യുദ്ധംചെയ്യുവാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുകയും നമസ്കാരം നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നത് വരെ യാണത്. ഇപ്രകാരം ചെയ്താൽ അവരുടെ രക്തവും ധനവും അവർ എന്നിൽ നിന്നും സംരക്ഷിച്ചു. ഇസ്ലാമിന്റെ അവകാശം കൊണ്ടായാൽ ഒഴികെ. എന്നാൽ അവരുടെ (യാഥാർത്ഥ്യത്തെ കു റിച്ചുള്ള) വിചാരണ അല്ലാഹു ചെയ്യുന്നതാണ്. (ബുഖാരി-മുസ്ലിം)

മുആദിൽ നിന്ന് നിവേദനം;

رأس الأمر الإسلام وعموده الصلاة وذروة سنامه الجهاد في سبيل ا لله (الترمذي)

കാര്യങ്ങളിൽ അതിപ്രാധാന്യമുള്ളത് ഇസ്ലാമാണ്. അതിന്റെ തൂൺ നമസ്കാരവും അതിന്റെ പൂഞ്ഞയുടെ ഉച്ചി അല്ലാഹുവിന്റെ മാർഗത്തിലുള്ള സമരവുമാണ്. (തുർമുദി)

അബൂബകർ (റ) ഖിലാഫത്ത് കഴിഞ്ഞശേഷം നടത്തിയ തന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു;

لايدع قوم الجهاد في سبيل ا لله إلاّ ضربهم ا لله بالذلّ

ഏതൊരു സമൂഹവും അല്ലാഹുവിന്റെ മാർഗത്തിലുള്ള സമരം ഉപേക്ഷിച്ചാൽ അവരിൽ നിന്ദ്യതയെ അല്ലാഹു ഉണ്ടാക്കാതിരിക്കില്ല.

ചുരുക്കത്തിൽ ധർമസമരത്തിൽ സത്യത്തെ ദൃഢീകരിക്കലും അസത്യത്തെ തകർക്കലും അല്ലാഹുവിന്റെ നിയമത്തെ സ്ഥാപി

ക്കലും മുസ്‌ലിംകളുടെയും അവരുടെ ദേശത്തെയും ശത്രുക്കളുടെ കുതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കലുമുണ്ട്.

## ഇസ്‌ലാം അവസാനത്തെ മതവും മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനുമാണ്.

ഇസ്‌ലാം മതം പ്രകൃതി മതമാണ്. അല്ലാഹു മനുഷ്യരെ സൃഷ്ടിച്ച പ്രകൃതിക്ക് അത് അനുയോജ്യമാണ്. മുൻകാല നബിമാർ ജനങ്ങളെ ക്ഷണിച്ചതും ആ മതം സ്വീകരിച്ച് അവർ മുസ്‌ലിംകളാവാനായിരുന്നു. പ്രവാചകരിൽ പ്രമുഖനും അല്ലാഹുവിന്റെ ചങ്ങാതിയുമായ ഇബ്റാഹിം നബി (അ) യെ കുറിച്ച് അല്ലാഹു ഖുർആനിൽ പറയുന്നു.

وَمَن يَرْغَبُ عَنْ مِلَّةِ إِبْرَاهِيمَ إِلاَّ مَنْ سَفِهَ نَفْسَهُ وَلَقَدِ اصْطَفَيْنَاهُ فِي الدُّنْيَا وَإِنَّهُ فِي الآخِرَةِ لَمِنَ الصَّالِحِينَ إِذْ قَالَ لَهُ رَبُّهُ أَسْلِمْ قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ وَوَصَّى بِهَا إِبْرَاهِيمُ بَنِيهِ وَيَعْقُوبُ يَا بَنِيَّ إِنَّ اللّهَ اصْطَفَى لَكُمُ الدِّينَ فَلاَ تَمُوتُنَّ إَلاَّ وَأَنتُم مُّسْلِمُونَ

البقرة ١٣٠-١٣٢

സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശുദ്ധനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്തിൽ അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും. "നീ കീഴ്പെടുക" എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ "സർവ്വലോക രക്ഷിതാവിന് ഞാൻ കീഴ്പെട്ടിരിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞു. ഇബ്റാഹീമും യഅ്ഖൂബും അവരുടെ സന്തതികളോട് ഇത് (കീഴ്വണക്കം) ഉപദേശിക്കുകയും ചെയ്തു. "എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തു തന്നിരിക്കുന്നു. അതിനാൽ അല്ലാഹുവിന് കീഴ്പെടുന്നവരായി (മുസ്‌ലിംകളായി)ട്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്". (അൽബഖറ:130-132)

അല്ലാഹു മുഹമ്മദ് നബി (സ) യെ ഈ മഹത്തായ മതവുമായി നിയോഗിച്ചു. അക്കാലത്ത് ജൂത ക്രിസ്ത്യാനികൾ തികഞ്ഞ അന്ധകാരത്തിലായിരുന്നു. ദേഹേച്ഛകൾ അവരെ സ്വാധീനിക്കുകയും തൗറാത്തും ഇഞ്ചീലും തിരുത്തപ്പെടുകയും ചെ യ്തിരുന്നു.**

തന്മൂലം മുഹമ്മദ് നബി (സ)യെയും അദ്ദേഹത്തിന്റെ പ്രബോധനത്തെയും എതിർക്കുന്നതിൽ അവർ ഖുറൈശികളായ സത്യനിഷേധികളുടെ അണിയിൽ ചേർന്നു. മുഹമ്മദ് നബി (സ)യെ കുറിച്ച് സ്വന്തം വേദങ്ങളിലൂടെ മനസ്സിലാക്കുകയും അദ്ദേഹത്തെ പിൻപറ്റാനും അദ്ദേഹത്തിന്റെ പ്രബോധനത്തിൽ വിശ്വസിക്കാനും അനുശാസിക്കപ്പെടുകയും ചെയ്തവരായിരുന്നു ജൂതന്മാർ. പക്ഷെ അവർ എതിർപക്ഷത്ത് ചേരുകയാണ് ചെയ്തത്. അല്ലാഹു പറയുന്നു:

﴿الَّذِينَ آتَيْنَاهُمُ الْكِتَابَ يَعْرِفُونَهُ كَمَا يَعْرِفُونَ أَبْنَاءَهُمْ﴾ البقرة ١٤٦

നാം വേദം നൽകിയ ആളുകൾ സ്വന്തം സന്താനങ്ങളെ അറിയുന്നതു പോലെ അദ്ദേഹ (മുഹമ്മദ്) ത്തെ അറിയുന്നവരാണ്. [അൽബഖറ:146]

അബൂഹുറയ്റ (റ) യിൽ നിന്ന് മുസ്‌ലിം നിവേദനം ചെയ്യുന്നു. തിരുദൂതർ പറഞ്ഞു:

والذي نفس محمد بيده لا يسمع بي أحد من هذه الأمة يهودي ولا نصراني ثم يموت ولم يؤمن بالذي أرسلت به إلا كان من أصحاب النار (مسلم)

മുഹമ്മദിന്റെ ആത്മാവ് ആരുടെ നിയന്ത്രണത്തിലാണോ അവനെയാണ് സത്യം, ഈ സമുദായത്തിലെ ജൂതനോ ക്രിസ്ത്യാനിയോ മറ്റേതെങ്കിലും വ്യക്തിയോ എന്നെകുറിച്ച് കേൾക്കുകയും ഞാൻ നിയോഗിക്കപ്പെട്ടതിൽ വിശ്വസിക്കാതെ അവൻ മരിക്കുക

---

** കുറിപ്പ് 2 കാണുക

യും ചെയ്താൽ അവൻ നരകാവകാശികളിൽ പെടുക തന്നെ ചെയ്യും. (മുസ്‌ലിം)***

നബി (സ) മദീനയിൽ സ്ഥിരമായപ്പോൾ അക്കാലത്തെ രാജാക്കന്മാരെ ഇസ്‌ലാമിൻെറ വെളിച്ചത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ആളുകളെ അയക്കുകയുണ്ടായി. ഇക്കാര്യം റബ്ഇയ്യുബ്നു ആമിർ തൻെറ ചെറുവാചകങ്ങളിൽ വ്യക്തമാക്കുന്നത് ശ്രദ്ധേയമാണ്. അദ്ദേഹം പേർഷ്യൻ സൈനിക മേധാവിയായ റുസ്തമിനെ സന്ദർശിച്ചപ്പോൾ, നിങ്ങളാരാണ്? എന്ന റുസ്തമിൻെറ ചോദ്യത്തിന് ഇങ്ങനെ മറുപടി പറഞ്ഞു. "സൃഷ്ടിപൂജയിൽ നിന്ന് അല്ലാഹുവിനെ മാത്രം ആരാധിക്കേണ്ടതിലേക്കും ഭൗതികലോകത്തിൻെറ സങ്കുചിതത്വത്തിൽ നിന്ന് ഭൗതികവും പാരത്രികവുമായ ലോകത്തിൻെറ വിശാലതയിലേക്കും മതങ്ങളുടെ അക്രമത്തിൽ നിന്ന് ഇസ്‌ലാമിൻെറ നീതിയിലേക്കും ജനങ്ങളെ നയിക്കാൻ അല്ലാഹു നിയോഗിച്ച സമൂഹമാണ് ഞങ്ങൾ".

ഈ അവസാനത്തെ മതം കാര്യങ്ങൾ യഥാസ്ഥാനത്ത് വച്ചുകൊണ്ട് ശരിയായ ദിശയിലേക്ക് ജനങ്ങളെ തിരിച്ചുവിടാൻ വേണ്ടിയാണ് വന്നിട്ടുള്ളത്. അല്ലാഹുവിനെ ഏകനാക്കുക, നബിമാരിൽ വിശ്വസിക്കുകയും അവരെ സത്യവാന്മാരായി അംഗീകരിക്കുകയും ചെയ്യുക, അവയിലേക്ക് ക്ഷണിക്കുക തുടങ്ങിയവയാണ് ശരിയായ ദിശ.

ഇസ്‌ലാം വരുന്ന കാലത്ത് ജൂതക്രൈസ്തവർ വിരുദ്ധങ്ങളായ രണ്ടുധ്രുവങ്ങളിലാണ് ഉണ്ടായിരുന്നത്. പ്രവാചകന്മാരോടുള്ള കടമകളിൽ ഏറെ വീഴ്ചവരുത്തിയവരാണ് ജൂതന്മാർ. പ്രവാചകരിൽ ചിലരെ അവർ വധിക്കുകയും മറ്റുചിലരെ സാധാരണക്കാർക്കു പോലും അനുയോജ്യമല്ലാത്ത വിധം മ്ലേഛരായി ചിത്രീകരിക്കുക യും ചെയ്തു. അപ്പോൾ പ്രവാചകശ്രേഷ്ഠനായ നബിയോടുള്ള അവരുടെ സമീപനത്തിൽ അത്ഭുതപ്പെടാനില്ലല്ലോ****.

---

*** കുറിപ്പ് 3 കാണുക.

**** കുറിപ്പ് 4 കാണുക

ക്രിസ്ത്യാനികൾ അമിതമായ തീവ്രത പുലർത്തുകയും യേശുവിന് ദൈവികപദവി നൽകി ത്രിത്വത്തിൽ ഒരംഗമാക്കുകയും ചെയ്തു. എന്നാൽ ഇസ്‌ലാം വന്നു സത്യത്തെ സത്യമായും അസത്യത്തെ അസത്യമായും വ്യക്തമാക്കുകയുണ്ടായി. അത് ഏറ്റക്കുറവില്ലാതെ നീതിയുക്തമായ മധ്യമ നിലപാട് സ്വീകരിച്ചു. അല്ലാഹു പറയുന്നു.

﴿وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا﴾ البقرة ١٤٣

അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കാനും വേണ്ടി. (അൽബഖറ:143)

വേദക്കാരുടെ ഈ അമിതത്വത്തെ നിരോധിച്ചും ആ മാർഗം മുസ്‌ലിം സമൂഹം സ്വീകരിക്കുന്നതിനെ താക്കീതു ചെയ്തും കൊണ്ട് അല്ലാഹു പറയുന്നു.

﴿يَا أَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ وَلَا تَقُولُوا عَلَى اللَّهِ إِلَّا الْحَقَّ﴾ النساء ١٧١

വേദക്കാരേ, മതകാര്യത്തിൽ നിങ്ങൾ അതിര് കവിയരുത്. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. (അന്നിസാഅ്:171)

ഇമാം ബുഖാരി ഉമറുബ്നുൽ ഖത്വാബിൽ നിന്ന് നിവേദനം ചെയ്യുന്നു.

لا تطروني كما أطرت النصارى عيسى بن مريم إنما أنا عبد فقولوا عبد الله ورسوله (البخاري)

മർയമിന്റെ പുത്രൻ ഈസായെ ക്രിസ്ത്യാനികൾ പുകഴ്ത്തിയതു പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. അതിനാൽ അല്ലാഹുവിന്റെ ദാസനെന്നും അവന്റെ ദൂതനെന്നും നിങ്ങൾ പറയുക. (ബുഖാരി)

നബി (സ) യുടെ വചനമായി ഇബ്നു അബ്ബാസില്‍ നിന്നും നിവേദനം.

إياكم والغلو في الدين فإنما أهلك من كان قبلكم الغلو في الدين.

മതത്തില്‍ അതിരുകവിയുന്നത് നിങ്ങള്‍ സൂക്ഷിക്കുക. നിങ്ങള്‍ക്കു മുമ്പുള്ളവരെ നശിപ്പിച്ചത് മതകാര്യത്തിലുള്ള അവരുടെ അതിരു കവിയലാണ്.

ഇസ്‌ലാമിന്റെ സവിശേഷമായ നന്മകള്‍ എണ്ണമറ്റതാണ്. കാരണം, അത് എല്ലാമറിയുന്നവനും സമ്പൂര്‍ണജ്ഞാനവും സൂക്ഷ്മമായ യുക്തിയുമുള്ള അല്ലാഹുവിന്റെ മതമാണ്. തന്മൂലം തന്റെ ദാസന്മാര്‍ക്ക് വേണ്ടി അവന്‍ നിര്‍ണ്ണയിക്കുന്നതും നിയമമാക്കുന്നതുമായ എല്ലാകാര്യത്തിലും അവന്റെ അറിവും യുക്തിയുമുണ്ട്. അതിനാല്‍ നബി (സ) ക്ഷണിക്കുകയും സമുദായത്തെ അറിയിക്കുകയും ചെയ്യാത്ത ഒരു നന്മയുമില്ല. ഇപ്രകാരം തന്നെ ഒരു തിന്മയും താക്കീത് ചെയ്യാതിരുന്നിട്ടുമില്ല. അബ്ദുല്ലാഹിബ്നു അംറില്‍ നിന്ന് നിവേദനം, നബി (സ) പറഞ്ഞു.

ما بعث الله من نبي إلا كان حقا عليه أن يدل على خير ما يعلمه لهم وينذرهم شر ما يعلمه لهم.

ജനങ്ങള്‍ക്ക് ഗുണകരമായി കാണുന്ന എല്ലാനന്മയും അവരെ അറിയിക്കുകയും, അവര്‍ക്ക് തിന്മയായിത്തീരുന്ന എല്ലാത്തിനെ കുറിച്ചും താക്കീത് ചെയ്യുകയും ചെയ്യേണ്ടത് അല്ലാഹു നിയോഗിച്ച ഏതൊരു നബിയുടെയും നിര്‍ബന്ധ ബാധ്യതയാണ്.

ഇമാം അഹ്മദ് അബൂഹുറയ്റ (റ) യില്‍ നിന്ന് നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു.

إنما بعثت لأتمم مصالح الأخلاق

നല്ലസംസ്കാരങ്ങളെ സമ്പൂര്‍ണ്ണമാക്കാനാണ് ഞാന്‍ നിയുക്തനായത്.

ഹാഫിദുല്‍ ഖറാഇതി നല്ലപരമ്പരയിലൂടെ ഉദ്ധരിക്കുന്നു.

إنما بعثت لأتمم مكارم الأخلاق.

ഉത്തമ സ്വഭാവഗുണങ്ങളെ പൂർത്തിയാക്കാനാണ് ഞാൻ നിയോഗിക്കപ്പെട്ടത്.

## സമാപ്തം

വേദക്കാരായ ജൂതന്മാരും ക്രിസ്ത്യാനികളും അവിശ്വാസികളും ബഹുദൈവാരാധകരുമായ അനേകമാളുകളും ഇക്കാലത്ത് ഇസ്‌ലാമിലേക്ക് വരുന്നതായി നാം കാണുന്നു. ജനങ്ങൾക്ക് ശാന്തിയും സമാധാനവും സൗഭാഗ്യവും നൽകുന്നതിൽ മറ്റു മതങ്ങളും തത്വദർശനങ്ങളും പരാജയപ്പെട്ടുവെന്ന വസ്തുതയാണ് ഇത് നമ്മെ മനസ്സിലാക്കുന്നത്. എന്നാൽ ഇതര സമൂഹങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കൽ മുസ്‌ലിംകൾക്ക് -മതപ്രബോധകർക്ക് പ്രത്യേകിച്ചും- ബാധ്യതയുണ്ട്. അതിന്റെ മുമ്പായി അറിവിലൂടെയും സ്വഭാവത്തിലൂടെയും ഇസ്‌ലാമിന്റെ പ്രതിനിധികളാകാൻ നാം വിസ്മരിക്കരുത്. കാരണം, മനുഷ്യരെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് മോചിപ്പിക്കുന്നവർ ഏറെ ആവശ്യമായിരിക്കുന്നു. അല്ലാഹു പറയുന്നു.

﴿وَمَنْ أَحْسَنُ قَوْلاً مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ﴾ فصلت ٣٣

അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും, ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പറയുകയും ചെയ്യുന്നവനെക്കാൾ ഉത്തമമായത് പറയുന്നവൻ ആരാണ്? ഫുസ്സ്വിലത്ത്: ൩൩

നന്മയുടെ പ്രബോധകരാകാനും നമ്മുടെ മതത്തെ കുറിച്ച് അറിവു നേടാനും ഉൾകാഴ്ചയോടെ മതത്തിലേക്ക് ക്ഷണിക്കുന്നതിന് തൗഫീഖ് ചെയ്യാനും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അല്ലാഹു അതിന്റെ രക്ഷകനും അതിനു കഴിവുള്ളവനുമാണ്. അല്ലാഹു മുഹമ്മദ് നബി (സ്വ) ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും അനുഗ്രഹം ചെയ്യട്ടെ.

# അടിക്കുറിപ്പുകൾ

**കുറിപ്പ്. 1**

ഖുർആൻ ഇവിടെ സൃഷ്ടിപൂജയെ പൂർണ്ണമായും വിമർശിക്കുകയും യുക്തിരാഹിത്യം വ്യക്തമാക്കുകയും സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള വ്യതിരിക്തത വരച്ചുകാട്ടുകയും ചെയ്യുന്നു. ഭൂമിയിൽ ആരാധിക്കപ്പെടുന്ന സചേതനവും അചേതനവുമായ സർവ്വ വസ്തുക്കളും അല്ലാഹുവിനെ ആശ്രയിക്കുന്ന സൃഷ്ടികളാണ്. സമൂഹത്തിൽ ആരാധിക്കപ്പെടുന്ന പുണ്യദാസന്മാരും അവതാരങ്ങളുമൊക്കെ ദൈവത്തിൽനിന്ന് ജീവൻ ലഭിച്ചവരും സൃഷ്ടികളുടെ എല്ലാ വിചാര വികാരങ്ങളോടും ദൗർബല്യങ്ങളോടും കൂടി ജീവിച്ചവരുമാണ്. അവർ പ്രയാസഘട്ടങ്ങളിൽ ആശ്വാസത്തിനായി പ്രാർത്ഥിച്ചവരുമാണ്. എന്നാൽ ദൈവം അവരൊക്കെ ജനിക്കുന്നതിന്റെ മുമ്പുള്ളവനും അവർ കാലയവനികക്കുള്ളിൽ മറഞ്ഞ ശേഷവും അനന്തമായി നിലനിൽക്കുന്നവനുമാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ പ്രയാസമില്ലല്ലോ.

ദൈവം ജഡരൂപം സ്വീകരിക്കുന്നതാണ് അവതാരമെന്നും ദൈവിക ചൈതന്യം സർവ്വവ്യാപിയാണെന്നും വിഗ്രഹാരാധനക്കുള്ള ന്യായീകരണമായി പറയപ്പെടാറുണ്ട്. എങ്കിൽ അവതാരങ്ങൾക്കു മാത്രമായി പ്രത്യേകതയൊന്നുമില്ല. കാരണം, എല്ലാ മനുഷ്യരിലും ദൈവികാംശം ഉണ്ടാകുമല്ലോ. അങ്ങനെയായിരുന്നെങ്കിൽ ദിവ്യ ചൈതന്യം ഉണ്ടായിരിക്കെ "മനുഷ്യൻ ഭക്ഷിക്കുന്നത് എന്തുകൊണ്ട്?" എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കേണ്ടതുണ്ടല്ലോ. എന്നാൽ അജയ്യമാകേണ്ട ദിവ്യചൈതന്യത്തിന്റെ ദുർബലതയെ വ്യക്തമാക്കുകയല്ലേ അത് ചെയ്യുന്നത്? മാത്രമല്ല, ആരാധിക്കുന്നവനിലും ദിവ്യാംശമുണ്ടെങ്കിൽ പിന്നെയെന്തിന് വിഗ്രഹം? ദൈവരൂപം അജ്ഞാതമായിരിക്കെ വിഗ്രഹം അവന്റെ പ്രതിരൂപമാകുന്നതെങ്ങനെ? നാം സങ്കൽപിക്കുന്ന രൂപം അവന്റേതാവുകയില്ല. മാത്രവുമല്ല, ദിവ്യാംശങ്ങൾ സൃഷ്ടികളിൽ ചിതറിക്കിടക്കുന്നത് ദൈവികസത്തയുടെ സമ്പൂർണ്ണതക്കെതിരുമാണ്. സമുദ്രത്തിൽ നിന്ന് അൽപം ജലം കോരിയെടുത്താൽ അതിന്റെ കുറവ് നമുക്ക് കാണാൻ കഴിയുന്നില്ലെങ്കിലും കുറഞ്ഞു എന്ന യാഥാർത്ഥ്യത്തെ നിഷേധിക്കാൻ കഴിയുമോ?

ചുരുക്കത്തിൽ സ്രഷ്ടാവിനെയും സൃഷ്ടിയെയും സത്താപരമായി യോജിപ്പിക്കാൻ ശ്രമിച്ചതിന്റെ ഫലമാണിതൊക്കെ.

എന്നാൽ ഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തിയത് ശ്രദ്ധേയമാണ്. സത്താപരമായും ഗുണപരമായും വ്യതിരിക്തവും സമ്പൂർണ്ണവുമായ അസ്തിത്വമാണ് ദൈവത്തിനുള്ളത്. അവൻ അന്യൂനനും അജയ്യനും അനന്തനും ഏകനുമാണ്. തന്മൂലം അവനല്ലാത്ത മറ്റാരാളും ആരാധിക്കപ്പെടാൻ അർഹനാകുന്നില്ല. മാത്രമല്ല, അവന് മാത്രം അർപ്പിക്കപ്പെടേണ്ട ആരാധന അനർഹർക്ക് സമർപ്പിക്കുന്നത് അവനോടുള്ള ധിക്കാരവും കൂടിയാണ്. ഇത് മനുഷ്യ ബുദ്ധിയുടെയും യുക്തിയുടെയും താൽപര്യവുമാണ്.

സൃഷ്ടിപൂജയും ബിംബാരാധനയും നടത്തുന്നവർക്കെതിരിൽ, തങ്ങൾ അംഗീകരിക്കുന്ന ഗ്രന്ഥങ്ങളിൽ തന്നെ വചനങ്ങൾ കാണാവുന്നതാണ്. ഈശാവാസ്യോപനിഷത്തിൽ പറയുന്നു: ദേവ പിതൃമാനവാദികളെ ഉപാസിക്കുന്നവൻ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിലാണ്. അനശ്വരനായ പരമാത്മാവിനെ മിഥ്യാഭിമാനത്തോടെ കൂടിയിരിക്കുന്നവനും അന്ധകാരത്തിൽ തന്നെ.

ഹൈന്ദവ ഗ്രന്ഥങ്ങളെന്ന പോലെ ജൂതക്രൈസ്തവ വേദങ്ങളിലും ഇത്തരം വചനങ്ങൾ കാണാം. പുറപ്പാട് പുസ്തകത്തിൽ പറയുന്നു: ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാവരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്. മീതെ സ്വർഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും ഉണ്ടാക്കരുത്. നീ അവയെ നമസ് കരിക്കയോ അവയെ സേവിക്കുകയോ അരുത്. [20:3-5]

ഇപ്രകാരം കർത്താവായ ദൈവം ഏകനാണെന്നും അവന് സമന്മാരില്ലെന്നും യെശയ്യ പറയുന്നു. [49:91, 45:5, 46:9]

എല്ലാറ്റിലും മുഖ്യകൽപനയോ: "യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം" എന്ന് ആകുന്നു. [*മാർക്കോസ്*: 12:29-30] "സാത്താനേ എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ" എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്ന് പറഞ്ഞു. [*മത്തായി* 4:10]. ഈ വചനങ്ങൾ ഏകനായ ദൈവത്തെയാണ് മോശെയും യേശു

വും ആരാധിച്ചതെന്നും അവന് പ്രതിമകളോ വിഗ്രഹങ്ങളോ ഉണ്ടാക്കരുതെന്നും വ്യക്തമായും മനസ്സിലാക്കുന്നു. മാത്രമല്ല പൈശാചികതയിൽ നിന്നും അന്ധകാരത്തിൽ നിന്നുമാണ് വിഗ്രഹാരാധനയുണ്ടായതെന്നും സൂചിപ്പിക്കുന്നു. വിശുദ്ധഖുർആൻ മൂസാനബി (അ)യുടെയും ഈസാനബി (അ) യുടെയും പ്രബോധനം ഏകദൈവവിശ്വാസ സിദ്ധാന്തവും വിഗ്രഹാരാധനക്കെതിരുമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

യേശുവും ദൈവവും സത്താപരമായി ഒന്നാണെന്ന ക്രൈസ്തവ സങ്കൽപത്തെ ഖുർആൻ ശക്തിയായി വിമർശിക്കുന്നു. എന്നാൽ ഇക്കാര്യം നിലവിലുള്ള ബൈബിളിലും കാണാം. "എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറി പോകുന്നു". (*യോഹന്നാൻ*-20:17). "ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ. (*യോഹന്നാൻ*-17:3).

ഇവിടെ യേശു വിശ്വാസികളെ പോലെ ദൈവത്തിന്റെ സൃഷ്ടികളിൽ ഒരാളെന്നും താൻ ദൈവത്തിന്റെ ദൂതൻ മാത്രമാണെന്നും വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വചനങ്ങൾ ഇനിയും കാണാവുന്നതാണ്. എന്നാൽ യേശുവിന്റെ പ്രതിരൂപം മാത്രമല്ല, അദ്ദേഹത്തെ ക്രൂശിക്കപ്പെട്ടുവെന്ന് കരുതുന്ന കുരിശു മരത്തിന്റെ പ്രതീകങ്ങൾ പോലും ആരാധിക്കപ്പെടുന്നു. യേശുവിന്റെ മരണാനന്തരമല്ല അതുണ്ടാവുകയുള്ളൂ. സ്വന്തം പിതാവിനെ ഒരാൾ വധിച്ചാൽ ശത്രുവിന്റെ കൊലക്കത്തിയോട് ഭക്തിയും ബഹുമാനവും പ്രകടിപ്പിക്കുന്നത് പിതാവിനോട് ചെയ്യുന്ന കടുത്ത അനീതിയും ധിക്കാരവുമാണെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

## കുറിപ്പ്.2

ബൈബിൾ വിവിധ കാലങ്ങളിലായി തിരുത്തപ്പെട്ടിട്ടുണ്ടെന്ന് ഒട്ടനവധി സാക്ഷ്യം ബൈബിളിൽ തന്നെയുണ്ട്. പഴയനിയമ (തൗറാത്ത്) പുസ്തകങ്ങൾ ആയിരം കൊല്ലങ്ങൾക്കിടയിൽ പൂർത്തിയായതാണെന്ന് വരെ അഭിപ്രായമുണ്ട്. ഉദാഹരണത്തിനു വേണ്ടി ആവർത്തന പുസ്തകത്തിലെ അവസാനഭാഗം വായിക്കുക. "യഹോവയുടെ ദാസനായ മോശെ യഹോവയുടെ വചനപ്രകാരം അവിടെ മോവാബ് ദേശത്ത് വെച്ച് മരിച്ചു. അവൻ അവനെ

മോവാബ് ദേശത്ത് ബേത്ത്- പെയോരിന്നെതിരെയുള്ള താഴ്‌വരയിൽ അടക്കി. എങ്കിലും ഇന്ന് വരെയും അവൻെറ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല. മോശെ മരിക്കുമ്പോൾ അവന്ന് നൂറ്റിരുപത് വയസ്സായിരുന്നു. അവൻെറ കണ്ണ് മങ്ങാതെയും അവൻെറ ദേഹബലം ക്ഷയിക്കാതെയും ഇരുന്നു. യിസ്രായേൽ മക്കൾ മോശെയെ കുറിച്ച് മോവാബ്സമഭൂമിയിൽ മുപ്പതു ദിവസം കരഞ്ഞുകൊണ്ടിരുന്നു.— മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല. [34:6-12]

ഒരു പ്രവാചകൻെറ മരണാനന്തരം മൃതദേഹത്തിൻെറ അവസ്ഥ, മറവുചെയ്ത സ്ഥലം, വിശ്വാസികൾ വിലപിച്ച ദിവസങ്ങൾ തുടങ്ങിയ കാര്യങ്ങൾ എങ്ങനെ മൂസാനബി (അ)ക്ക് ദൈവം നൽകിയ ഗ്രന്ഥത്തിലുണ്ടാകും? അദ്ദേഹത്തിൻെറ ഖബ്ർ ആർക്കും അറിയില്ലെന്നതും അദ്ദേഹത്തെ പോലെ ഒരുപ്രവാചകൻ യിസ്രായേലിൽ പിന്നീട് വന്നിട്ടില്ലെന്നതും വ്യക്തമാക്കുന്നത് അദ്ദേഹത്തിൻെറ കൂടെയുള്ളവർ മരണപ്പെട്ടു കാലങ്ങൾക്കു ശേഷം അദ്ദേഹത്തെ പോലെയുള്ള ഒരു പ്രവാചകനെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന സമയത്താണ് ഈഭാഗങ്ങൾ പുസ്തകത്തിൽ എഴുതിച്ചേർത്തതെന്നാണല്ലോ. ഇപ്രകാരമുള്ള വചനങ്ങൾ ഇനിയുമുണ്ട്.

പുതിയ നിയമപുസ്തകങ്ങളും തിരുത്തിക്കൊണ്ടുള്ള പരിഷ്കരണം നടന്നതിന് ബൈബിൾ വചനങ്ങൾ സാക്ഷ്യംവഹിക്കുന്നു. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിലെ 5:6-8 എന്നീ വചനങ്ങളാണല്ലോ ത്രിത്വവിശ്വാസത്തെ വ്യക്തമായും പരാമർശിക്കുന്ന ബൈബിളിലെ ഏകവചനം. ഇതു തന്നെയാണ് ത്രിത്വം സമർത്ഥിക്കാൻ വേണ്ടി മങ്കരിയിലെ മർകസുൽബിശാറ എന്ന ക്രൈസ്തവ പ്രസിദ്ധീകരണാലയവും മുഖ്യാവലംബമാക്കിയിട്ടുള്ളത്. ആ വചനങ്ങൾ ഇപ്രകാരം മാണിക്കത്തനാർ കൊടുക്കുന്നു: "ജലരക്തങ്ങളാൽ വന്നവൻ ഇവനാകുന്നു, ഈശോ മശിഹാ. ജലത്താൽ മാത്രമല്ല, ജലരക്തങ്ങളാൽ, ആത്മാവ് സാക്ഷ്യം വഹിക്കുന്നു. എന്തെന്നാൽ ഈ ആത്മാവ് സത്യമാകുന്നു. (6) സ്വർഗത്തിൽ സാക്ഷ്യംവഹിക്കുന്നവർ മൂന്നുണ്ട്. പിതാവും വചനവും പരിശുദ്ധാത്മാവും. അവർ മൂന്നും ഒന്നാകുന്നു. (7) ഭൂമിയിൽ സാക്ഷ്യം വഹിക്കുന്നവരും മൂന്നുണ്ട്. ആത്മാവും ജലവും രക്തവും അവർ മൂന്നും ഒന്നിലേക്കാകുന്നു. (8)"

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (ബാംഗ്ളൂർ) വിതരണം ചെയ്യുന്ന ബൈബിളിൽ ഈ വചനം കൊടുത്തത് ശ്രദ്ധിക്കുക. "ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു. യേശുക്രിസ്തു തന്നെ. ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും തന്നെ. ആത്മാവും സാക്ഷ്യം പറയുന്നു. ആത്മാവ് സത്യമല്ലോ. സാക്ഷ്യം പറയുന്നവർ മൂവരുണ്ട്. ആത്മാവ്, ജലം, രക്തം. ഈ മൂന്നിൻെറയും സാക്ഷ്യം ഒന്നുതന്നെ". പിതാവ്, വചനം, പരിശുദ്ധാത്മാവ് എന്നീ മൂന്നുംകൂടി ഒന്നാണെന്ന് പറയുന്ന ഏഴാമത്തെ സൂക്തം ഇതിൽ ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം 1952 ലെയും 1971 ലെയും പുതുക്കിയ അമേരിക്കൻ ബൈബിളുകളിലും മറ്റും ഈഭാഗം വിട്ടുകളഞ്ഞിട്ടുണ്ട്. ഇതൊക്കെ ത്രിത്വ വിശ്വാസത്തെ വ്യക്തമാക്കുന്ന ഈ വചനം കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു.

യേശുവിൻെറ കുരിശ് മരണത്തെ കുറിച്ച് പരാമർശിക്കുന്ന മാർക്കോസ് 16.9-20 വചനങ്ങൾ ബാംഗ്ളൂർ ബൈബിളിൽ ബ്രാക്കറ്റിനുള്ളിലാക്കിയിട്ടുണ്ട്. പുരാതന കൃതികളിൽ അവയില്ലെന്ന് സൂചിപ്പിക്കാനാണതെന്ന് ചില ബൈബിളുകളിൽ (ഉദാ. ഓശാന) അടിക്കുറിപ്പ് നൽകിയിട്ടുണ്ട്.

ചുരുക്കത്തിൽ ക്രൈസ്തവ വിശ്വാസത്തിൻെറ ആധാരമായ വചനങ്ങൾ പോലും കാലാകാലങ്ങളിലായി എഴുതിച്ചേർക്കപ്പെട്ടവയാണെന്ന് വ്യക്തമാകുമ്പോൾ അവയുടെ പവിത്രതയും സുരക്ഷിതത്വവും ഒരു സത്യാന്വേഷിക്കെങ്ങനെ അംഗീകരിക്കാനാവും?

## കുറിപ്പ്-3

വിവിധ രൂപത്തിൽ തിരുത്തപ്പെട്ട വേദമാണ് ബൈബിളെങ്കിലും ഇപ്പോഴും മുഹമ്മദ് നബി (സ) യെ കുറിച്ചുള്ള വചനങ്ങൾ അവശേഷിക്കുന്നുണ്ട്. ആവർത്തന പുസ്തകം 33-2 ൽ പറയുന്നു. "യഹോവ സീനായിൽനിന്നു വന്നു. വചനം അവർക്കു സേയീരിൽ നിന്നു ലഭിച്ചു. പാറാൻ പർവ്വതത്തിൽ നിന്നു വിളങ്ങി. ലക്ഷോപിലക്ഷം വിശുദ്ധന്മാരുടെ അടുക്കൽ നിന്നു വന്നു. അവർക്കു വേണ്ടി അഗ്നിമയമായൊരു പ്രമാണം അവൻെറ വലങ്കയ്യിൽ ഉണ്ടായിരുന്നു".

സീനായിൽ നിന്ന് മോശെ പ്രവാചകനും സെയീറി (ഫലസ്തീനി) ൽ നിന്ന് യേശുവും വന്നു. അറേബ്യയിലെ ഹിജാസിൽ, ഹിജാസിലെ പാറാൻ കുന്നിൽ നിന്ന് മുഹമ്മദ് നബി (സ) യും

വന്നു. "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദയിൽ നിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല". *ഉൽപത്തി* 49:10). യെശയ്യാ 42:1-5 വരെയുള്ള വചനങ്ങളിലും പ്രതീക്ഷിക്കപ്പെടുന്ന പ്രവാചകന്റെ സവിശേഷതകൾ വിശദീകരിക്കുന്നുണ്ട്. "അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും. അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല, അധൈര്യപ്പെടുകയുമില്ല. അവന്റെ ഉപദേശത്തിനായി ദ്വീപുകൾ കാത്തിരിക്കുന്നു".
വീണ്ടും പറയുന്നു: സമുദ്രത്തിൽ സഞ്ചരിക്കുന്നവരും അതിൽ ഉള്ള സകലവും ദ്വീപുകളും അവയിലെ നിവാസികളും ആയുള്ളോരേ, യഹോവക്ക് ഒരു പുതിയ പാട്ടും ഭൂമിയുടെ അറ്റത്തു നിന്നു അവനു സ്തുതിയും പാടുവിൻ. മരുഭൂമിയും അതിലെ പട്ടണങ്ങളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും ശബ്ദം ഉയർത്തട്ടെ. ശൈലനിവാസികൾ ഘോഷിച്ചുല്ലസിക്കയും മലമുകളിൽ നിന്ന് ആർക്കുകയും ചെയ്യട്ടെ". (*യെശയ്യാവ്* 42:10-12)

മുഹമ്മദ് നബി (സ) വരികയും ദൈവരാജ്യത്തിന്റെ അവകാശവും നീതിയും ഭരണവും സ്ഥാപിതമാവുകയുമുണ്ടായെന്ന ചരിത്രസത്യം ആർക്കും നിഷേധിക്കാൻ കഴിയില്ലല്ലോ. അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ മാറ്റമില്ലാതെ നിലനിൽക്കുന്നതും, മദ്യപാനവും ചൂതാട്ടവും അദ്ദേഹം നിഷിദ്ധമാക്കിയെന്നതും ന്യായവിധിയെ കുറിച്ചും (വി.ഖു. 99:7-8) മറ്റുമുള്ള ഒട്ടേറെ പ്രവചനങ്ങൾ ഖുർആനിലൂടെ അദ്ദേഹം വെളിപ്പെടുത്തിയതുമൊക്കെ വ്യക്തമാക്കുന്നത് ബൈബിളിൽ പ്രവചിക്കപ്പെട്ട സവിശേഷഗുണങ്ങൾ അർഹിക്കുന്ന വ്യക്തി മുഹമ്മദ് നബി (സ) ആണെന്നാണ്. ഉപര്യുക്ത കാര്യങ്ങൾ സമ്മേളിച്ച മറ്റൊരു വ്യക്തി ഈസാനബി (അ) ക്കു ശേഷം ഉണ്ടായതായി ചരിത്രം പറയുന്നില്ല. തൽസംബന്ധമായി ബൈബിളിൽ വന്ന സൂക്തങ്ങളിൽ ചിലത് മാത്രം വായിക്കുക.

"ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെഅടുക്കൽ അയക്കും. അവൻ വന്നു പാപത്തെ കുറിച്ചും നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും ലോകത്തിനു ബോധം വരുത്തും". (*യോഹന്നാൻ* 16:7-9)

"ഇനിയും നിങ്ങളോട് വളരെ പറവാൻ ഉണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിയില്ല. സത്യത്തിൻെറ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്ന് എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതു കൊണ്ട് എന്നെ മഹത്വപ്പെടുത്തും". [*യോഹന്നാൻ* 16:12-14]

"അവൻ സത്യത്തിൻെറആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും". [*യോഹന്നാൻ* 14:16].

ദൈവരാജ്യത്തിൻെറ അവകാശം മദ്യപാനികൾക്കില്ലെന്ന് കൊരിന്ത്യർ (6:10-11) പറയുന്നു. യേശു വീഞ്ഞുണ്ടാക്കിയതായി യോഹന്നാൻ (2:7-10) പറയുന്നു. മാത്രമല്ല, നശിച്ചു കൊണ്ടിരിക്കുന്നവന് ലഹരിപാനീയവും ദുരിതമനുഭവിക്കുന്നവന് വീഞ്ഞും കൊടുക്കാൻ അദ്ദേഹം നിർദ്ദേശിച്ചതായി സുഭാഷിതങ്ങൾ [31:6-7] പറയുന്നു. ഇത്തരം വചനങ്ങളൊക്കെ ദൈവരാജ്യം സ്ഥാപിച്ച മുഹമ്മദ് നബി (സ)യുടെ ജീവിതത്തെ വരച്ചു കാണിക്കുന്നു. മാത്രമല്ല, ലഹരി ഉപയോഗിക്കുന്നത് പൂർണ്ണമായും അദ്ദേഹം നിഷിദ്ധമാക്കിയെങ്കിൽ യേശു അനുവദിക്കുകയാണല്ലോ ചെയ്തത്. അപ്പോൾ യേശുവിൻെറ അനുയായികൾക്ക് ദൈവരാജ്യത്തിന് അവകാശമില്ലെന്ന് വ്യക്തമാണല്ലോ.

### കുറിപ്പ്:4

ഇത്തരം ആരോപണങ്ങൾ ഇക്കാലത്തും അവരുടെ മതഗ്രന്ഥങ്ങളിൽ നിലനിൽക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ പരാമർശിക്കുന്നു.

ലൂത്ത് നബി (അ) യുടെ രണ്ടുപുത്രിമാർ ഗർഭം ധരിച്ചത്, വീഞ്ഞുകുടിച്ച അദ്ദേഹത്തിൻെറ കൂടെ ശയിച്ചതു കൊണ്ടാണ് എന്ന് ഉൽപത്തി [19:30-38] യിൽ കാണാം. നൂഹ് (അ) വീഞ്ഞുകുടിച്ചു, ലഹരി ബാധിച്ചു വിവസ്ത്രനായി കിടന്നുവെന്ന് ഉൽപത്തി (9:21-24)ൽ പറയുന്നു. യഅ്ഖൂബ് നബി (അ) തൻെറ ജ്യേഷ്ഠൻ ഏശാവ് ക്ഷീണിച്ചു വന്ന് പായസം ചോദിച്ചപ്പോൾ ആഹാരം കൊടുത്തില്ല. മാത്രമല്ല, അപ്പവും പായസവും നൽകുന്നതിനു പകരം അവൻെറ ജ്യേഷ്ഠാവകാശം ചോദിച്ചു വാങ്ങുകയും

ചെയ്തു. [*ഉല്പത്തി* 25: 29-34]. യഅ്ഖൂബ് നബി (അ) ഏശാബിന്റെ കുപ്പായമണിഞ്ഞു ജ്യേഷ്ഠനു നല്കേണ്ടിയിരുന്ന അനുഗ്രഹം ഇസ്ഹാഖില്‍ നിന്ന് ചതിയിലൂടെ വാങ്ങി. [*ഉല്പത്തി* 27:1-41]. ദാവൂദ് നബി (അ) തന്റെ പടയാളിയായ ഊരിയയുടെ ഭാര്യയെ കണ്ട് ഭ്രമിച്ചു അവളെ കൊട്ടാരത്തില്‍ കൊണ്ടുവന്നു വ്യഭിചരിക്കുകയും അവള്‍ ഗര്‍ഭിണിയായതിനെ തുടര്‍ന്ന് ഊരിയെ വധിക്കാന്‍ ഏര്‍പ്പാടു ചെയ്യുകയും പിന്നീട് അവളെ വിവാഹം ചെയ്യുകയുമുണ്ടായി. [2 *ശമുവേല്‍* 11:2-27]

സുലൈമാന്‍ ദൈവകല്പന ലംഘിച്ചു കൊണ്ട് അന്യജാതികളില്‍ നിന്ന് വിവാഹം ചെയ്യുകയും അവരുടെ പ്രീതിക്കു വേണ്ടി അദ്ദേഹം വിഗ്രഹാരാധന നടത്തുകയും ചെയ്തു. [1 *രാജാക്കന്മാര്‍* 11:1-11]. പരിശുദ്ധാത്മാവും ദിവ്യത്വത്തില്‍ പങ്കാളിത്തമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നവനുമായ യേശുവിന്റെ സ്വഭാവം പരുഷവും ക്ഷിപ്രകോപവുമായിരുന്നുവെന്ന് ബൈബിള്‍ പരിചയപ്പെടുത്തുന്നു. തന്നില്‍ വിശ്വസിക്കാത്തവരെ സര്‍പ്പ സന്തതികള്‍ [*മത്തായി* 12:34] പിശാചിന്റെ മക്കള്‍ [*യോഹന്നാന്‍* 8:44] ദോഷവും വ്യഭിചാരവുമുള്ള തലമുറ [*മത്തായി* 12:39] എന്നിങ്ങനെ പറയുമായിരുന്നു. തന്റെ സ്നേഹനിധിയായ മാതാവിനെ "സ്ത്രീയേ" എന്ന് ബഹുമാനമില്ലാതെ വിളിച്ചിരുന്നു. [*യോഹന്നാന്‍* 2:4, 19:26] അദ്ദേഹം സ്വന്തം അനുയായികളെ അല്പവിശ്വാസികളെന്ന് കുറ്റപ്പെടുത്തി വിളിക്കുമായിരുന്നു. [*മത്തായി* 6:31, 8:26]. ഇതിന്റെ പുറമെ മരങ്ങളോടും അദ്ദേഹത്തിന്റെ സമീപനം മോശമായിരുന്നുവെന്ന് ബൈബിള്‍ മനസ്സിലാക്കിത്തരുന്നു. ഒരു ദിവസം വിശന്നപ്പോള്‍ കായപറിക്കാന്‍ വേണ്ടി അത്തിമരത്തെ സമീപിച്ച അദ്ദേഹത്തിന് മോഹഭംഗം ഉണ്ടായി. അത്തി കായ്ക്കാത്ത കാലത്താണെന്നു പോലും ചിന്തിക്കാതെ ശപിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. "ഇനി നിങ്കല്‍ നിന്ന് ആരും ഫലം തിന്നാതിരിക്കട്ടെ". തല്‍ക്ഷണം മരം ഉണങ്ങിയതുകണ്ട ശിഷ്യന്മാര്‍ അത്ഭുതപ്പെട്ടു. [*മാര്‍ക്കോസ്* 11-13, *മത്തായി* 21-20].

ഇതൊക്കെ സാമൂഹ്യ പരിഷ്കര്‍ത്താവും ഒരു പ്രവാചകനുമായ വ്യക്തിയിലുള്ള സ്വഭാവങ്ങളാണോ? ഇപ്രകാരം ബൈബിളില്‍ സാധാരണക്കാരിലുണ്ടായാല്‍ പോലും കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും ഒരുവേള കടുത്ത ശിക്ഷക്ക് വിധേയവുമാകുന്ന ആരോപണങ്ങളാണ്

ദൈവത്തിന്റെ സന്ദേശ വാഹകരും മാതൃകയുള്ളവരുമായ നബിമാരെ കുറിച്ച് പരിചയപ്പെടുത്തുന്നത്.

ഇപ്രകാരം തന്നെ സാധാരണക്കാർക്കിടയിൽ ആക്ഷേപകരവും അനീതിയുമായി കാണുന്ന ചില സംഭവങ്ങൾ ഹൈന്ദവരിലെ പ്രധാന ദിവ്യപുരുഷന്മാരും ആരാധ്യന്മാരുമായ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും വിവരണങ്ങളിൽ കാണാം. ശ്രീകൃഷ്ണൻ, ഗോപികമാർ കുളിക്കാനിറങ്ങിയപ്പോൾ അവരുടെ വസ്ത്രം എടുത്തു വെക്കുകയും ഓരോരുത്തരും നഗ്നരായി തന്റെ അടുത്ത് വന്നെങ്കിലേ വസ്ത്രം തരികയുള്ളൂവെന്ന് ശാഠ്യംപിടിക്കുകയും അവസാനം അവർ അങ്ങനെ ചെയ്യുകയുമുണ്ടായി എന്ന കഥ പ്രസിദ്ധമാണല്ലോ.

ശ്രീരാമൻ സീതയെ രാവണനിൽ നിന്ന് മോചിപ്പിച്ചെങ്കിലും അവളുടെ പേരിൽ വ്യഭിചാരം ആരോപിച്ചു. സത്യം തെളിയിക്കാനായി തീയിൽ പ്രവേശിപ്പിക്കപ്പെട്ട അവൾ രക്ഷപ്പെട്ടു. പിന്നീട് അവളെ അയോദ്ധ്യയിലേക്കു കൊണ്ടുപോയി. ശേഷം മാസങ്ങൾക്കുള്ളിൽ ഗർഭിണിയായപ്പോൾ അതിന്റെ ഉത്തരവാദിത്വം വീണ്ടും ജനങ്ങൾ രാവണനിൽ ആരോപിച്ചു. അപ്പോൾ ആശ്രമത്തിലേക്കെന്ന വ്യാജേന ലക്ഷ്മണനോടൊപ്പം രഥത്തിൽ കയറ്റിക്കൊണ്ടുപോയി കാട്ടിൽ ഉപേക്ഷിച്ചു. പിന്നീടു വാൽമീകിയിൽ അഭയംപ്രാപിച്ച അവൾ ലവ, കുശന്മാർക്ക് ജന്മം നൽകി. അവർക്ക് പന്ത്രണ്ട് വയസ്സായപ്പോൾ ഒരു യാഗസദസ്സിൽവച്ച് അവരെ തിരിച്ചറിഞ്ഞ രാമൻ ജനങ്ങൾക്കു മുമ്പിൽ തന്റെ പാതിവ്രത്യം തെളിയിക്കാൻ ആവശ്യപ്പെടുകയും അവളുടെ പ്രാർത്ഥനയനുസരിച്ച് ഭൂമി പിളർന്നു ഉള്ളിലേക്ക് കൊണ്ടുപോയി. (*വാൽമീകി രാമായണം* ) [ അവലംബം: ഹൈന്ദവത ധർമ്മവും ദർശനവും - എം. എം. അക്ബർ ]

പാതിവ്രത്യം തെളിയിക്കപ്പെട്ടശേഷം വഞ്ചിച്ചു കൊണ്ട് ഒരു ഗർഭിണിയെ കാട്ടിൽ ഉപേക്ഷിക്കുകയെന്നത് സാധാരണക്കാരിൽ നിന്ന് പോലും ഉണ്ടാവുകയെന്നത് സമൂഹം അംഗീകരിക്കുമോ!

########################

# التعريف بالإسلام ومحاسنه

تأليف سماحة الشيخ

عبد العزيز بن عبد الله بن باز

ترجمة

محي الدين تاريود

كتب الجاليات

٥
٨٠

مكتب الدعوة بالسلي

ف ٠١١٢٤١٠٦١٥ تحويلة ٥٥٥ - ٠١١٢٤١٤٤٨٨ ناسوخ ٢٣٢




تأليف سماحة الشيخ
عبدالعزيز بن عبدالله بن باز - رحمه الله

ترجمة : محي الدين تاريود

ليباري

حساب التبرعات بمصرف الراجحي : SA2280000296608010070509
حساب التبرعات بمصرف الإنماء : SA5305000068200517913000
حساب التبرعات بنك البلاد : SA5615000999115390770007